# പി.എസ്.സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 | Issue 1 | Fortnightly | September 1, 2020 | Page 24 | ₹ 10


## അടുത്ത വെള്ളപ്പൊക്കത്തിന് മുൻപ്

പേജ് 3

ഡോ .കെ.ജി.താര

## ഓണാശംസകൾ...


കലയും സാഹിത്യവും — പേജ് 11

LGS 100 പൊതുവിജ്ഞാനങ്ങൾ — പേജ് 12

മത്സരപരീക്ഷ ഇടനാഴി — പേജ് 13

പൊതുവിജ്ഞാനങ്ങൾ — പേജ് 14

EXAMINATION PROGRAMME FOR THE MONTH OF OCTOBER & NOVEMBER 2020 — പേജ് 16


ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ

**അസിസ്റ്റന്റ് പ്രൊഫസർ**

(വിവിധ വിഷയങ്ങൾ)

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ

**അസിസ്റ്റന്റ്**

ഉൾപ്പെടെ 46 വിജ്ഞാപനങ്ങൾ

എസ്എസ്എൽസി വരെ യോഗ്യതയുള്ള പ്രാഥമിക പരീക്ഷയുടെ സിലബസ്

പേജ് 22



## സ്വാതന്ത്ര്യദിനാഘോഷം പി.എസ്.സി.യിൽ

74-ാമത് സ്വാന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് പി.എസ്.സി. ആസ്ഥാനത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടന്ന ലളിതമായ ചടങ്ങിൽ, ചെയർമാൻ അഡ്വ. എം. കെ. സക്കീർ ദേശീയപതാക ഉയർത്തി. കമ്മീഷൻ അംഗങ്ങളായ ശ്രീമതി ആർ. പാർവതീദേവി, ശ്രീ. സി.സുരേശൻ, ഡോ. എം.ആർ. ബൈജു, ഡോ. ജിനു സക്കറിയ ഉമ്മൻ, ലീഗൽ റീറ്റെയ്നർ അഡ്വ. എസ്. രമേശൻ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ, പബ്ലിക് റിലേഷൻസ് ഓഫീസർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. ചെയർമാൻ സ്വാതന്ത്ര്യദിന സന്ദേശം നൽകി. പി.എസ്.സി. സെക്രട്ടറി സാജു ജോർജ് സ്വാഗതവും എസ്റ്റാബ്ലിഷ്മെന്റ് അഡീഷണൽ സെക്രട്ടറി വി. ബി. മനുകുമാർ നന്ദിയും രേഖപ്പെടുത്തി.

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർപേഴ്സൺ**

**ശ്രീമതി ആർ. പാർവതിദേവി**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**അഡ്വ. രഘുനാഥൻ എം. കെ.**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**ഡോ. കെ. പി. സജിലാൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**ടി. ആർ. അനിൽകുമാർ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പി. എച്ച്. മുഹമ്മദ് ഇസ്മയിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**രാജീവ് എസ്.**


ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം

പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

## ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

## മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

## ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

## നേരിട്ട്...

# പരീക്ഷാ നടപടികളിലെ പരിഷ്കാരം; കാലോചിതമായത്



**അഡ്വ. എം. കെ. സക്കീർ**
ചെയർമാൻ
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പ്രത്യക്ഷപ്പെടുന്ന പരീക്ഷകൾ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് വിവിധ ഘട്ടങ്ങളായി നടത്താനുള്ള തീരുമാനം വിപ്ലവകരമായി മാറും. ഇതുവരെ വിജ്ഞാപനം ചെയ്ത കാറ്റഗറികളിൽ 10-ാം ക്ലാസ് വരെയുള്ള 64 എണ്ണവും, 12-ാം ക്ലാസ് വരെയുള്ളവ 24 എണ്ണവും ബിരുദം വരെയുള്ളവ 45 എണ്ണവുമാണുള്ളത്. 2020 സെപ്തംബർ മാസം വരെ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലെ തസ്തികകൾകൂടി ഉൾപ്പെടുത്തുമ്പോൾ എണ്ണത്തിൽ വർദ്ധനയുണ്ടാകും. ഇവ ക്രോഡീകരിച്ചാണ് പൊതുപ്രാഥമിക പരീക്ഷ നടത്തുക. സെപ്തംബർ മാസത്തിലെ ഗസറ്റ് വിജ്ഞാപനത്തിന്റെ അവസാന തീയതിക്ക് ശേഷം കൺഫർമേഷൻ നടപടി ആരംഭിക്കും. കൺഫർമേഷൻ നടപടി പൂർത്തിയായാൽ പരീക്ഷാ തീയതി പ്രഖ്യാപിക്കും. ഈ വർഷം ഡിസംബറിൽ എസ്എസ്എൽസി അടിസ്ഥാന യോഗ്യതയുള്ള തസ്തികകളുടെ പൊതുപ്രാഥമിക പരീക്ഷ ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു. ഈ പൊതു പ്രാഥമിക പരീക്ഷയ്ക്കുള്ള സിലബസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (പേജ് 22 കാണുക)

പി.എസ്.സി. അഴിമതിരഹിതവും സ്വജനപക്ഷപാതമില്ലാതെയും തെരഞ്ഞെടുപ്പ് പ്രക്രിയ നടപ്പാക്കിവരുന്നത് കൃത്യമായ ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായാണ്. ചട്ടങ്ങളിൽ നിന്നും അണുവിട വ്യതിചലിക്കാൻ കമ്മിഷന് കഴിയുകയില്ല; അത് കമ്മിഷന്റെ നയവുമല്ല. എന്നാൽ തെറ്റിദ്ധാരണ പരത്തുന്ന വാർത്തകൾ ചില കോണുകളിൽ നിന്ന് വ്യാജമായി നിർമ്മിച്ചെടുക്കുകയാണ്. സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും കമ്മിഷനെ അപകീർത്തിപ്പെടുത്തുന്ന വാർത്തകൾ വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. ചിലയവസരങ്ങളിൽ ഉദ്യോഗാർത്ഥികൾ പോലും ഈ ദുഷ്പ്രചരണങ്ങളിൽ അകപ്പെട്ടുപോകുന്നു. തെറ്റിദ്ധാരണ പരത്തുന്ന വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതിന് ഉദ്യോഗാർത്ഥികൾ ഭാഗമാകരുത്. ഈ സാഹചര്യത്തിൽ കമ്മിഷനെ അപകീർത്തിപ്പെടുത്തുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കാൻ കമ്മിഷൻ നിർബന്ധിതമായിരിക്കുകയാണ്. ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.യുടെ മുന്നോട്ടുള്ള പ്രയാണത്തിനും ഭരണഘടനാ ദൗത്യങ്ങളുടെ നിർവ്വഹണത്തിനും ഭംഗം വരുത്തുന്നവയാണ് ഈ പ്രചരണങ്ങൾ.

**ബുള്ളറ്റിൻ വായനക്കാർക്ക്**
**ഹൃദ്യമായ ഓണാശംസകൾ നേരുന്നു.**

## കമ്മിഷൻ യോഗ തീരുമാനങ്ങൾ

### 2020 ആഗസ്ത് 17

### അഭിമുഖം നടത്തും

1. സാമൂഹ്യനീതി വകുപ്പിൽ കാറ്റഗറി നമ്പർ 166/19 വിജ്ഞാപനം പ്രകാരം സൂപ്പർവൈസർ ഐ.സി.ഡി.എസ്. (ഒന്നാം എൻ.സി.എ.- പട്ടികജാതി വിഭാഗത്തിൽനിന്നുള്ള പരിവർത്തിത ക്രിസ്ത്യാനികൾ).
2. മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ കാറ്റഗറി നമ്പർ 255/19 വിജ്ഞാപന പ്രകാരം ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക്) - എൻ.സി.എ. (ഈഴവ/തിയ്യ/ബില്ലവ).
3. കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ കാറ്റഗറി നമ്പർ 353/18 വിജ്ഞാപന പ്രകാരം ഹൈസ്കൂൾ ടീച്ചർ (ഹിന്ദി)-എൻ.സി.എ.(പട്ടികജാതി വിഭാഗത്തിൽനിന്നുള്ള പരിവർത്തിത ക്രിസ്ത്യാനികൾ).

43 തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.

---

**താഴെപ്പറയുന്ന 20 തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.**

### ജനറൽ -സംസ്ഥാനതലം

1. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഡെപ്യൂട്ടി മാനേജർ (ജനറൽ കാറ്റഗറിയും സൊസൈറ്റി കാറ്റഗറിയും), ടൈപ്പിസ്റ്റ് ഗ്രേഡ് 2 (ജനറൽ കാറ്റഗറിയും സൊസൈറ്റി കാറ്റഗറിയും), കെമിസ്റ്റ് (ജനറൽ കാറ്റഗറിയും സൊസൈറ്റി കാറ്റഗറിയും).

### സ്പെഷ്യൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം

2. അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലാ (പട്ടികവർഗ്ഗം), അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാത്തമാറ്റിക്സ് (പട്ടികവർഗ്ഗം), അസിസ്റ്റന്റ് പ്രൊഫസർ ഇൻ സിവിൽ എഞ്ചിനീയറിങ് (പട്ടികവർഗ്ഗം), എംപ്ലോയ്മെന്റ് ഓഫീസർ (പട്ടികവർഗ്ഗം), സെക്ഷൻ ഓഫീസർ (പട്ടികവർഗ്ഗം), ലക്ചറർ ഇൻ കൊമേഴ്സ് (പട്ടികവർഗ്ഗം), അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് 2 (പട്ടികജാതി/പട്ടികവർഗ്ഗം), ഓവർസിയർ ഗ്രേഡ് 3 (സിവിൽ)(പട്ടികവർഗ്ഗം).

### സ്പെഷ്യൽ റിക്രൂട്ട്മെന്റ് – ജില്ലാതലം

3. സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 (പട്ടികവർഗ്ഗം), ഫാർമസിസ്റ്റ് ഗ്രേഡ് 2 (പട്ടികജാതി, പട്ടികവർഗ്ഗം), ഫാർമസിസ്റ്റ് ഗ്രേഡ് 2 (പട്ടികവർഗ്ഗം), ലൈൻമാൻ (പട്ടികജാതി/പട്ടികവർഗ്ഗം), ലൈൻമാൻ (പട്ടികവർഗ്ഗം).

**(കൂടുതൽ വിവരങ്ങൾ സെപ്തംബർ 15 ലക്കം പി.എസ്.സി. ബുള്ളറ്റിനിൽ ലഭിക്കും)**

# അടുത്ത വെള്ളപ്പൊക്കത്തിന് മുൻപ്

**ഡോ .കെ.ജി.താര**
**(സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മുൻ മെമ്പർ)**

കാലാവസ്ഥ മാറുകയാണ്. ഏറ്റവും കൂടുതൽ പ്രത്യാഘാതം അനുഭവിക്കാൻ പോകുന്നത് തെക്കു കിഴക്കൻ ഏഷ്യയിലെ രാജ്യങ്ങൾ ആണ്. വലിയ ദുരന്തങ്ങൾ ആണ് നേപ്പാൾ, ബംഗ്ലാദേശ്, ഇന്ത്യ, ശ്രീലങ്ക, മ്യാൻമാർ, പാകിസ്ഥാൻ, മാലി ദ്വീപുകൾ, തുടങ്ങിയ രാജ്യങ്ങളിൽ എല്ലാം ഉണ്ടാകാൻ പോകുന്നത്. ഭൂമിയുടെ ശരാശരി ചൂട്, പത്തൊമ്പതാം നൂറ്റാണ്ടിലേതിനേക്കാൾ 0 .9 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നതേയുള്ളു. അപ്പോൾ തന്നെ ഇതാണ് സ്ഥിതിയെങ്കിൽ, ഈ നൂറ്റാണ്ടിന്റെ അവസാനം 2 .5 ഡിഗ്രി സെൽഷ്യസ് ഉയരുമെന്ന മുന്നറിയിപ്പിനെ ഭയത്തോടെ മാത്രമേ കാണാൻ കഴിയൂ. സൗദി അറേബ്യ പോലെ മുൻപ് ചൂട് മാത്രം അനുഭവപ്പെട്ടിരുന്ന സ്ഥലത്ത്, കോരിച്ചൊരിയുന്ന മഴയും, മഴ യഥേഷ്ടം കിട്ടിക്കൊണ്ടിരുന്ന സ്ഥലങ്ങളിൽ കടുത്ത വരൾച്ചയും അനുഭവപ്പെടുന്നു. രണ്ടോ മൂന്നോ വർഷങ്ങൾക്ക് മുൻപ് മൂന്നാറിൽ, കുളിരുള്ള തണുപ്പിന് പകരം മഞ്ഞു പൊഴിഞ്ഞതും വാർത്തയായല്ലോ?
അതെ, കാലാവസ്ഥ മാറുകയാണ്.

***മാറി വരുന്ന കാലാവസ്ഥയെയും, അതുണ്ടാക്കുന്ന ദുരന്തങ്ങളെയും നേരിടാൻ നാം എന്താണ് ചെയ്യേണ്ടത്?***



വികസനത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് മാറ്റുക എന്നത് മാത്രമാണ് പോംവഴി. നാലു വരിപ്പാതയും, ഫ്ളൈഓവറുകളും, വിമാനത്താവളങ്ങളും നിർമ്മിക്കുമ്പോൾ, ആ പ്രദേശത്തെ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന രീതിയിലും, അതാതു പ്രദേശത്തിന്റെ ശേഷിയെ(carrying capactiy) മറികടക്കുന്ന രീതിയിലും ആകരുത് എന്ന് നിർബന്ധം പിടിക്കേണ്ടതുണ്ട്. ഉദാഹരണമായി, നിയമാനുസൃതവും, അനധികൃതവുമായ കെട്ടിടങ്ങൾ നിരവധി ഉള്ള മൂന്നാറിൽ, ഇനി ബഹുനിലക്കെട്ടിടങ്ങൾ വച്ചാൽ ആ പ്രദേശത്തിന്റെ 'കാരിയിങ് കപ്പാസിറ്റി'യ്ക്ക് അപ്പുറം ആയിരിക്കും. ഇത്, മണ്ണിടിച്ചിലിനും, ഉരുൾ പൊട്ടലിനും കാരണമാകുമെന്നത് കൊണ്ട് അവിടെ രണ്ടിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾക്ക് അനുമതി നിഷേധിക്കുന്ന രീതിയിൽ നിയമങ്ങൾ കൊണ്ട് വരേണ്ടതുണ്ട്.

ഏറ്റവും അടിയന്തിരം, സംസ്ഥാനത്തു ഒരു ഭൂവിനിയോഗനയം (Landuse Policy) രൂപീകരിക്കണം എന്നതാണ്. ഓരോ വാർഡിലും, എത്ര സ്ഥലം കൃഷിക്കായി ഒഴിച്ചിടണം, ഏതൊക്കെ സ്ഥലങ്ങളിൽ വീട് വയ്ക്കാം, എത്ര കളിസ്ഥലം വേണം, എത്ര കുളങ്ങളും വയലുകളും സംരക്ഷിക്കപ്പെടണം, എന്നിവ വ്യക്തമായി പ്രതിപാദിക്കുന്നതായിരിക്കണം ഈ ഭൂവിനിയോഗ നയം. ഓരോ പ്രദേശത്തെയും വികസന പ്രവർത്തനങ്ങൾ, അതതു പ്രദേശത്തെ ഭൂവിനിയോഗ നയത്തിന് അനുസൃതം ആയിരിക്കുകയും വേണം.

അടിയന്തിരമായി ചെയ്യേണ്ട മറ്റു ചില കാര്യങ്ങളെപ്പറ്റിയും പറയാം;

## സൂക്ഷ്മതല ദുരന്ത സാധ്യതാ ഭൂപടങ്ങൾ (Micro-level Hazard & Vulnerabiltiy maps)

ഓരോ ജില്ലയിലെയും ദുരന്ത സാധ്യതകൾ മനസ്സിലാക്കി, പ്രാദേശിക തലത്തിൽ ഭൂപടങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ഉദാഹരണമായി, വെള്ളപ്പൊക്ക ഭൂപടങ്ങൾ (Flood Inundation Maps) തയ്യാറാക്കുമ്പോൾ, താഴ്ന്നതും, വെള്ളം കയറാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങൾ അടയാളപ്പെടുത്തി വയ്ക്കണം. മുൻകാലങ്ങളിൽ വെള്ളം കയറിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര കയറി, ഓരോ സ്ഥലത്തും പെയ്യുന്ന ശരാശരി മഴയുടെ കണക്കെത്രയാണ്,അണക്കെട്ടു തുറന്നു വിടേണ്ടി വന്നാൽ ഉദ്ദേശം എത്ര വെള്ളം ഒഴുകി എങ്ങോട്ടൊക്കെ പോകും, എന്നിങ്ങനെ പല കാര്യങ്ങൾ ഈ ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കണം .

വാർഡടിസ്ഥാനത്തിലുള്ള വിവരങ്ങൾ വ്യക്തമായി കാണത്തക്ക വിധത്തിൽ ഉള്ള സ്കെയിലിൽ വേണം ഇത്തരം മാപ്പുകൾ തയാറാക്കാൻ. കേരളത്തിൽ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ദുരന്തസാധ്യതാ മാപ്പുകൾ 1 : 50 000 എന്ന സ്കെയിലിൽ ആണ്. അതായത്, ഭൂമിയിലെ 500 മീറ്റർ സ്ഥലത്തെ വീടുകൾ, പാലങ്ങൾ, പാടങ്ങൾ എന്നിവ ഭൂപടത്തിൽ ഒരു സെന്റിമീറ്റർ സ്ഥലത്ത് രേഖപ്പെടുത്തണം എന്നർത്ഥം. അഞ്ഞൂറ് മീറ്റർ സ്ഥലത്തുള്ള എല്ലാ വീടുകളും,കടകളും പാലങ്ങളും ഒരു സെന്റിമീറ്ററിൽ ഒതുക്കുക എന്നത് സാദ്ധ്യമല്ലാത്തതുകൊണ്ടു, വളരെ വലിയ കെട്ടിടങ്ങൾ മാത്രമേ ഈ സ്കെയിലിൽ ഉള്ള മാപ്പിൽ രേഖപ്പെടുത്തുകയുള്ളൂ. ചെറിയ വീടുകൾ, കൂരകൾ, പെട്ടിക്കടകൾ തുടങ്ങിയവ ഒഴിവാക്കപ്പെടും. വാർഡടിസ്ഥാനത്തിൽ എത്ര വീടുകളിൽ വെള്ളം കയറും, എവിടെയൊക്കെ വെള്ളം കയറും എന്നിങ്ങനെയുള്ള കാര്യങ്ങൾ മനസിലാക്കാൻ ഈ മാപ്പുകൾ ഒട്ടും തന്നെ പര്യാപ്തമല്ല എന്ന് സാരം. എന്തെങ്കിലും രീതിയിൽ മുന്നൊരുക്കങ്ങൾ നടത്തണമെങ്കിൽ 1: 200 അഥവാ, 1 :500 എന്ന സ്കെയിലിൽ ഉള്ള മാപ്പുകൾ എങ്കിലും വേണം (ബീഹാറും ഒഡീഷയും മാത്രമാണ് ഇത്തരത്തിലുള്ള വെള്ളപ്പൊക്ക ഭൂപടങ്ങൾ തയാറാക്കിയ സംസ്ഥാനങ്ങൾ).

## പ്രാദേശിക ദുരന്ത നിവാരണ പദ്ധതികൾ

മഞ്ഞ, ഓറഞ്ച്, ചുവപ്പ് മുന്നറിയിപ്പുകൾ കാലാവസ്ഥാനിരീക്ഷണ കേന്ദ്രം പുറപ്പെടുവിക്കുമ്പോൾ എന്ത് ചെയ്യണം എന്ന് ജനങ്ങൾക്ക് ഇപ്പോഴും അറിയില്ല. വാട്ടർ അതോറിറ്റിയും, ഇലക്ട്രിസിറ്റി ബോർഡും, ജലസേചന വകുപ്പും എത്ര അടിയന്തിര കർമ്മ പദ്ധതി തയാറാക്കിയാലും, ഓരോ ദുരന്ത സമയത്തും എന്ത് ചെയ്യണം, എന്ത് ചെയ്യരുത്, എങ്ങോട്ട് പോകണം, സുരക്ഷിത സ്ഥാനങ്ങൾ എവിടെയാണ് , എന്നിങ്ങനെയുള്ള കാര്യങ്ങൾ തദ്ദേശവാസികൾക്ക് അറിയില്ലെങ്കിൽ മരണസംഖ്യയും, ആഘാതവും കൂടും. ഓരോ സന്ദർഭത്തിലും, ഉദ്യോഗസ്ഥർ വന്നു നിർദ്ദേശം നൽകിയാൽ മാത്രമേ ജനങ്ങൾക്ക് പ്രതികരിക്കാൻ പറ്റുന്നുള്ളൂ എന്ന സ്ഥിതിവിശേഷം അത്ര നല്ലതല്ല.

അവനവൻ താമസിക്കുന്ന സ്ഥലത്തു എന്തൊക്കെ അപകടം ഉണ്ടാകാമെന്നും ,എത്ര തീവ്രത ഉണ്ടാകുമെന്നും മനസ്സിലാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അതിനു ശേഷം, വിദഗ്ധരുടെ സഹായത്തോടെ, നാട്ടുകാർ തന്നെ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കണം. ഓരോരോ പ്രദേശത്തും താമസിക്കുന്നവർ ദുരന്തത്തിന് മുൻപ്, ദുരന്ത സമയത്ത്, ദുരന്തത്തിന് ശേഷം, എന്തൊക്കെ ചെയ്യണം എന്നതാണ് ഈ പ്ലാനുകളിൽ വിവരിക്കേണ്ടത്. പഞ്ചായത്തുകളുടെ അംഗീകാരം കൂടി നേടിക്കഴിഞ്ഞാൽ ഈ പ്ലാനുകൾ നടപ്പിലാക്കുന്നതിന് അവരുടെ സഹായവും കിട്ടും. വിദഗ്ധരുടെ സഹായത്തോടെ നാട്ടുകാർ തന്നെ തയ്യാറാക്കുന്നതുകൊണ്ട് പ്രത്യേക പരിശീലനവും വേണ്ടിവരുന്നില്ല എന്ന ഗുണവും ഉണ്ട്. ഇത്തരത്തിൽ തയ്യാറാക്കുന്ന ദുരന്ത നിവാരണ പദ്ധതികളെ തദ്ദേശ ദുരന്ത നിവാരണ പദ്ധതികൾ, അഥവാ, കമ്മ്യൂണിറ്റി ഡിസാസ്റ്റർ പ്രിപ്പേർഡ്നെസ്സ് പ്ലാനുകൾ എന്നാണ് പറയുന്നത്. ദുരന്ത നിവാരണത്തിന് ഏറ്റവും ഫലപ്രദമായ മാർഗവും ഇതുതന്നെയാണ്.

## വെള്ളപ്പൊക്കത്തെ പ്രതിരോധിക്കുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ

നെതർലൻഡ്സിലും മറ്റും, വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന വീടുകൾ നിലവിൽ ഉണ്ട്. വെള്ളപ്പൊക്കമുണ്ടാവുമ്പോൾ, ഈ വീടുകൾ പൊങ്ങിക്കിടക്കും(ഫ്ലോട്ടിങ് ഹൗസ്). ഒലിച്ചു പോകാത്ത വിധം ഇവ ഭൂമിയോട് ബന്ധിച്ചിരിക്കും. വെള്ളം ഇറങ്ങിക്കഴിയുമ്പോൾ, വീട്, പഴയതുപോലെ പിന്നെയും തറയിൽ തൊട്ടുകിടക്കും. ഇത്തരത്തിൽ ഒരു രൂപ കൽപ്പന ഉണ്ടാക്കുന്നതിന് സംസ്ഥാനത്തെ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളോടും, എഞ്ചിനീയറിംഗ് കോളേജുകളോടും സർക്കാരിന് സഹകരണം ആവശ്യപ്പെടാവുന്നതേയുള്ളൂ. കേരളത്തിലെ മുങ്ങുന്ന മൺറോ തുരുത്തിലെ വീടുകൾ രക്ഷിക്കാൻ ബാർട്ടൻ ഹിൽ കോളേജിലെ ഡോ. സുജ എന്ന അദ്ധ്യാപിക ഇത്തരം ഒരു ഡിസൈൻ ഉണ്ടാക്കിയത് ഇപ്പോഴും ഓർക്കുന്നു. 'ആംഫിബിയൻ ഹൗസെസ് ' എന്നാണ് അവർ അതിനു പേരിട്ടത്. ആംഫിബിയൻ എന്നാൽ, വെള്ളത്തിലും, കരയിലും ഒരുപോലെ ജീവിക്കാൻ കഴിവുള്ള തവളയെപ്പോലെയുള്ള ജീവി എന്നാണല്ലോ അർത്ഥം. നിർഭാഗ്യകരം എന്ന് പറയട്ടെ , ക്രിയാത്മകമായ ആ നിർദ്ദേശം , സർക്കാരിന്റെ പരിഗണനകളിൽ എവിടെയും പരാമർശിക്കപ്പെട്ടില്ല. കേരള പുനർനിർമ്മാണ പദ്ധതികളിൽ (Rebuild Kerala) ൽ ഒന്നും തന്നെ പ്രകൃതി ദുരന്തത്തെ പ്രതിരോധിക്കുന്ന കെട്ടിടങ്ങൾ ഉണ്ടാക്കുന്ന കാര്യം ചർച്ചാവിഷയമായി കണ്ടതും ഇല്ല .

## അവഗണിക്കപ്പെടുന്ന പ്രകൃതിദത്തലഘൂകരണ മാർഗ്ഗങ്ങൾ

ഒന്നുകിൽ മാറ്റിപ്പാർപ്പിക്കുക, അല്ലെങ്കിൽ കോൺക്രീറ്റ് തടയണ, കോൺക്രീറ്റ് മതിൽ, തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ കൊണ്ട് വെള്ളപ്പൊക്കത്തെ പ്രതിരോധിക്കുക, ഈ രണ്ടു മാർഗങ്ങൾ അല്ലാതെ വെള്ളം കയറിയിറങ്ങിയ സ്ഥലങ്ങളിൽ പ്രകൃതിദത്തലഘൂകരണ മാർഗങ്ങൾ അവലംബിക്കാനുള്ള സാധ്യത സർക്കാർ കാര്യമായി പരിഗണിക്കുന്നതായി കാണുന്നില്ല. വെള്ളപ്പൊക്ക ലഘൂകരണ മാർഗങ്ങളിൽ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ പറ്റിയത് ഹരിത വേലികൾ, കണ്ടൽകാടുകൾ , എന്നിവ വച്ച് പിടിപ്പിക്കലാണ്.

നാല് പതിറ്റാണ്ടുകളായി മുള , ബ്ലാക് പൈൻ എന്ന വൃക്ഷം, തുടങ്ങിയവ നട്ടുപിടിപ്പിച്ച് ജപ്പാൻ, ഒരു ഹരിതശൃംഖല തീർക്കുകയാണ്. 'സെന്റായ്' കടൽത്തീരമുൾപ്പെടെ 1640 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് പ്രാദേശി

ക സഹകരണത്തോടെ ഹരിത വേലികൾ തീർത്തു കഴി ഞ്ഞു. ഇങ്ങിനെ നടുന്ന മുളയിൽ നിന്നും, മരങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കുറേക്കൂടെ മെച്ചപ്പെട്ട ജീവിതത്തിനു സാഹചര്യം ഒരുക്കുന്നത് കൊണ്ട് തീരദേശനിവാസികളും വലിയ പിന്തുണ കൊടുക്കുന്നുണ്ട്, തമിഴ് നാട്ടിലെ പിച്ചാവരം എന്ന പ്രദേശത്തെ കണ്ടൽക്കാടുകൾ 2004 ലെ സുനാമിയിൽ നിന്ന് പോലും പ്രദേശവാസികളെ രക്ഷപ്പെടുത്തിയ കാര്യവും മറക്കാറായിട്ടില്ല. കേരളത്തിൽ എഴുപതുകളിൽ 700 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ കിടന്നിരുന്ന കണ്ടൽ കാടുകൾ ഇന്ന് 6.63 ചതുരശ്ര കിലോമീറ്റർ ആയി എന്നതാണ് നമ്മുടെ നേട്ടം!

### കുന്നുകളുടെ സംരക്ഷണം

കമഴ്ത്തി വച്ച തണ്ണീർക്കുടങ്ങളാണ് കുന്നുകൾ. മലയിറങ്ങി വരുന്ന മഴ സമതലത്തിൽ എത്താൻ കുറച്ചു സമയം എടുക്കും. വരുന്ന വഴിയിലെ ചെടികളും, മണ്ണും, മരങ്ങളും , കുറെയേറെ വെള്ളം വലിച്ചെടുക്കും. അത്രയും കുറച്ചു വെള്ളമേ മലയുടെ അടിവാരത്തിൽ എത്തുകയുള്ളൂ. അതുകൊണ്ടുതന്നെ വെള്ളപ്പൊക്കത്തിനെ പ്രകൃതിദത്തമായി നിയന്ത്രിക്കാൻ ഏറ്റവും ഫലപ്രദമായ മാർഗം, കുന്നുകളെയും, മലകളെയും നില നിറുത്തുക എന്നതാണ്. കുന്നുകൾ നിരത്തുമ്പോൾ പ്രാദേശിക കാലാവസ്ഥയിൽ മാറ്റങ്ങൾ വരും. രൂക്ഷമായ കുടിവെള്ള ക്ഷാമം, മണ്ണൊലിപ്പ്, ഉരുൾ പൊട്ടൽ എന്നിവയ്ക്ക് കാരണമാവുകയും ചെയ്യും. കുന്നുകളെ സംരക്ഷിക്കേണ്ട ചുമതല ഉണ്ടെന്നുള്ള തിരിച്ചറിവിൽ നിന്നാണ്, 'പൂന' യിലെ 350 ഓളം ഗവൺമെന്റേതര സംഘടനകളും, വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളും, ഐ.ടി മേഖലയിലെയും അല്ലാത്തതുമായ വ്യവസായ കമ്പനികളും ചേർന്ന് കുന്നുകളെയും, പച്ചപ്പുകളെയും സംരക്ഷിക്കാൻ 'ഗ്രീൻ പൂനെ മൂവ്മെന്റ്' എന്ന ഒരു സംരംഭം തുടങ്ങിയത്. 2002 മുതൽ വിജയകരമായി പ്രവർത്തിച്ചു വരുന്ന ഈ സംരംഭം, പങ്കാളിത്ത പരിസ്ഥിതി സംരക്ഷണത്തിന് നല്ല ഒരു ഉദാഹരണമാണ്. കേരളത്തിൽ, പശ്ചിമ ഘട്ടം സംരക്ഷിക്കണം എന്ന് പറഞ്ഞ മഹാനായ ശാസ്ത്രജ്ഞനെ (ഗാഡ്ഗിൽ) നമ്മൾ തള്ളിപ്പറഞ്ഞു ; ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നിരാകരിക്കുകയും ചെയ്തു. പശ്ചിമ ഘട്ടത്തിലെ അനധികൃത ക്വാറികൾ മാത്രം ആയിരത്തി എഴുന്നോളം (1700 ) വരുമെന്നാണ് ഇപ്പോഴത്തെ കണക്ക്!

### ഫ്ളഡ് പ്ലെയിൻ സോണിങ്ങും (Flood Plain Zoning), നിർമ്മാണ നിരോധനവും

മഴക്കാലത്തു നദികൾ ഇരു വശങ്ങളിലെ കര ഭാഗത്തു കൂടി പരന്നൊഴുകും. ഈ ഭൂവിഭാഗമാണ് 'ഫ്ളഡ് പ്ലെയിൻ' (Flood Plain) എന്നറിയപ്പെടുന്നത്. പരന്നൊഴുകുമ്പോൾ , നദിയുടെ വേഗത കുറയുകയും, മലയുടെ മുകളിൽ നിന്നും ഒഴുക്കിക്കൊണ്ടു വരുന്ന എക്കലും, മണലും അവിടെ നിക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെ നദി സ്വയം ഉണ്ടാക്കിയെടുക്കുന്ന സമതലങ്ങളാണ് 'ഫ്ളഡ്പ്ലെയിനുകൾ' . ഈ പ്രദേശം നദിക്കു അവകാശപ്പെട്ടതാണ്. ഏറ്റവും ഫലഭൂയിഷ്ഠമായതും ഏറ്റവും കൂടുതൽ വെള്ളപ്പൊക്ക കെടുതികൾ അനുഭവിക്കുന്ന പ്രദേശവും ഇതു തന്നെ.

ഈ സമതലങ്ങൾ 10 വർഷത്തിൽ ഒരിക്കൽ വെള്ളം കയറുന്നവ , 25 വർഷത്തിൽ വെള്ളം കയറുന്നവ, അൻപതു വർഷത്തിലും,100 വർഷത്തിലും വെള്ളപ്പൊക്കം അനുഭവപ്പെടുന്നവ എന്നിങ്ങനെ വേർതിരിച്ചു മേഖലകളായി തരംതിരിക്കേണ്ടതുണ്ട്.ഇരുപത്തിയഞ്ചു വർഷത്തിലൊരിക്കൽ വെള്ളം കയറുന്ന മേഖലകളിൽ ഒരു കാരണവശാലും നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കരുത്.

പക്ഷെ, നമ്മുടെ നദികളുടെ തീരങ്ങളെല്ലാം സ്വകാര്യ വ്യക്തികളും ഭൂമാഫിയകളും കൈയ്യേറിയിരിക്കുകയാണ്. കോടതി ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ പല ഔദ്യോഗിക കെട്ടിടങ്ങളും ഇത്തരം പരിസ്ഥിതി ലോല പ്രദേശങ്ങളിൽ തന്നെയാണ് എന്നതും ഗുരുതരമായ നിയമ ലംഘനമാണ്. 1975ലെ ഫ്ളഡ്പ്ലെയിൻ റെഗുലേഷൻ ആക്ട് എന്ന ഈ കേന്ദ്ര വിജ്ഞാപനമനുസരിച്ചു വെള്ളപ്പൊക്ക സമതലങ്ങൾ മേഖലകളായി തരം തിരിച്ചത് ബീഹാർ എന്ന സംസ്ഥാനം മാത്രമാണ്. പക്ഷെ, നിർമാണത്തിന് അവർ നിരോധനം ഏർപ്പെടുത്തിയില്ല! കേരളത്തിൽ, മേഖലകളായി തരം തിരിക്കുകയോ, നിർമ്മാണ നിരോധനം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല.

### മഴവെള്ള സംഭരണികളും മഴക്കുഴികളും നിർബന്ധമാക്കണം

ഓരോ വീട്ടിലും, സ്കൂളിലും, ഓഫീസിലും, പെയ്യുന്ന മഴയെ സംഭരിച്ചു വയ്ക്കാൻ മഴക്കുഴികളും, മേൽക്കൂര സംഭരണികളും നിർബന്ധമാക്കുന്ന നിയമം കൊണ്ടുവരണം. പെയ്യുന്ന മഴയുടെ മൂന്നിലൊന്ന് ഇങ്ങനെ ഭൂമിക്കടിയിൽ സംഭരിക്കാനാകും. ഈ ഭൂഗർഭജലം നദികളിലേക്കും കിണറുകളിലേക്കും ഒഴുകി നിറഞ്ഞ് നമുക്ക് ഉപയോഗിക്കാൻ പാകത്തിൽ വീണ്ടും പ്രത്യക്ഷപ്പെടും. ബാംഗ്ലൂർ നഗരത്തിൽ, എല്ലാ വീടുകൾക്കും മേൽക്കൂരയിലെ മഴവെള്ള സംഭരണം നിർബന്ധമാക്കിക്കഴിഞ്ഞു. ഇങ്ങനെ ചെയ്യാത്ത വീടുകൾക്ക് വെള്ളത്തിന്റെ ബില്ലിന്റെ കൂടെ 25 % പിഴയും ചുമത്തി ! കേരളത്തിൽ, പുതിയ വീടുകൾക്ക് മാത്രമേ ഈ നിയമം ബാധകമാക്കിയിട്ടുള്ളൂ.

### ചൈനയിലെ സ്പോഞ്ച് സിറ്റികൾ

2050 ഓടെ ചൈനയിൽ, പെയ്യുന്ന മഴ മുഴുവനും വലിച്ചെടുത്തു സംഭരിക്കാൻ പറ്റുന്ന രീതിയിൽ 30 സിറ്റികൾ സജ്ജമാകും. മേൽക്കൂരയിൽ ചെടികൾ വച്ച് പിടിപ്പിച്ചും, റോഡുകളും, പാലങ്ങളും സ്പോഞ്ച് പോലെ മഴ വലിച്ചെടുക്കുന്ന രീതിയിൽ രൂപകൽപന ചെയ്തും വെള്ളപ്പൊക്കത്തെ വരുതിയിലാക്കാൻ ചൈന തയ്യാറാവുകയാണ്. നമ്മുടെ നഗരകാര്യാലയങ്ങൾക്കും, പഞ്ചായത്തുകൾക്കും ഈ മാതൃക പിന്തുടരാവുന്നതേ ഉള്ളൂ.



### ബദൽ ഉപജീവന മാർഗം (Alternative Livelihood)

മഴയും കാറ്റും വരുമ്പോൾ, കടലിൽ മൽസ്യബന്ധനത്തിനു പോകരുത് എന്ന ഒരു സ്ഥിരം മുന്നറിയിപ്പ് നൽകി ഉത്തരവാദിത്തം അവസാനിപ്പിക്കുന്നതാണ് പതിവ് ശൈലി. കേരളത്തിൽ, എട്ടു ലക്ഷത്തോളം ആളുകൾ കടലിനെ മാത്രം ആശ്രയിച്ചു കഴിയുന്നവരാണ്. ഒരു ദിവസം കടലിൽ പോയില്ലെങ്കിൽ അവരുടെ അന്നമാണ് മുട്ടുന്നത്. അത് പോലെ തന്നെയാണ് കർഷകരും. കൂൺ കൃഷി, മത്സ്യവും, കാർഷിക വിഭവങ്ങളും കൊണ്ടുള്ള മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവ പരീക്ഷിക്കാവുന്ന ബദൽഉപജീവന മാർഗങ്ങളാണ്. ദുരന്തങ്ങളിൽ നിലനിൽപ്പ് പ്രശ്നത്തിലാവുന്ന തീരദേശവാസികൾക്കും , കൃഷിക്കാർക്കും ബദൽ അതിജീവന മാർഗ്ഗങ്ങൾ കണ്ടു പിടിക്കാനും, അതിൽ പരിശീലനം നൽകാനും ഇനിയും താമസിച്ചുകൂടാ.

### സമഗ്ര ദുരന്തനിവാരണ പോളിസി

ഇരുപതിൽപ്പരം ദുരന്തങ്ങൾ സംഭവിക്കാൻ സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. കടൽത്തീരത്തു താമസിക്കുന്നവരും, കൃഷിക്കാരും, സ്വന്തമായി പാർപ്പിടമില്ലാത്തവരും, ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുമാണ് ദുരന്തങ്ങളിൽ ഏറ്റവും വലിയ ആഘാതം അനുഭവിക്കുന്നത്. ദുരന്തസാധ്യതാമേഖലകളിൽ താമസിക്കുന്നവർക്കു ഒരു ഇൻഷുറൻസ് പോളിസി ഏർപ്പെടുത്തിയാൽ, വലിയൊരളവു വരെ സഹായമാകും. കുറഞ്ഞ വരുമാനമുള്ളവർക്കു കുറഞ്ഞ പ്രീമിയവും, പണക്കാർക്ക് ഉയർന്ന പ്രീമിയവും നിശ്ചയിച്ചുകൊണ്ടുള്ള ഒരു ഇൻഷുറൻസ് പോളിസിയുടെ കരട് രൂപം വർഷങ്ങൾക്ക് മുൻപ് റവന്യൂ ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ചിരുന്നു. അത് ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലാണ്.

### തദ്ദേശീയ കർമ്മ സേനകൾ

എല്ലാ തവണയും, ദുരന്ത സമയത്ത് ദേശീയ ദുരന്ത രക്ഷാ സേനകളെ വിളിക്കുക എന്നത് പതിവായിക്കഴിഞ്ഞു. എന്നാൽ, ഒരു ദുരന്തം ഉണ്ടാകുമ്പോൾ, പോലീസും, അഗ്നിശമന സേനയും എത്തുന്നതിനു മുൻപ് അവിടെ എത്തുന്നത് അന്നാട്ടിലെ ജനങ്ങളാണ്. അവർക്കാണ് ആ പ്രദേശത്തെ ഭൂപ്രകൃതിയെക്കുറിച്ചു കൂടുതൽ അറിവുണ്ടാകുക. നദിയിൽ എത്ര ആഴം ഉണ്ടാകുമെന്നും, എവിടെ ചുഴി ഉണ്ടാകുമെന്നും അവരെപ്പോലെ മറ്റാർക്കും അറിവുണ്ടാകണമെന്നില്ല. ഇപ്പോൾ, ഒരു ശാസ്ത്രീയ പരിശീലനവും ഇല്ലാതെയാണ് നാട്ടുകാർ രക്ഷാപ്രവർത്തനം നടത്തുന്നത്. അപകട സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്നും തിരഞ്ഞെടുത്ത ആളുകൾക്ക് രക്ഷാപ്രവർത്തനം, പ്രഥമശുശ്രൂഷ എന്നിവയിൽ ശാസ്ത്രീയ പരിശീലനം കൊടുത്തു സജ്ജമാക്കി നിർത്താൻ സർക്കാർ നടപടിയെടുത്താൽ, ഒരുപാട് ജീവൻ രക്ഷിക്കാൻ പറ്റും.

### ഹോങ്കോങ്ങിലെ പ്രളയ ജലവാഹിനികൾ (Storm water drains)

ഹോങ്ഹോങ് നഗരത്തിൽ, പ്രളയ ജലം വഹിച്ചു കൊണ്ട് പോകാൻ പ്രത്യേകം ജലവാഹിനികൾ ഉണ്ട്. ഈ ഓടകളിലൂടെ ഒഴുകിപ്പോകുന്ന വെള്ളം, ഭൂമിക്കടിയിലെ വലിയ സംഭരണികളിൽ ശേഖരിച്ചു വയ്ക്കും. മൊത്തം ജല ആവശ്യങ്ങളുടെ 18 % ഈ ജലം പുനഃചംക്രമണം നടത്തിയാണ് എടുക്കുന്നത്. നമ്മുടെ നാട്ടിൽ, പ്രത്യേകം ഓടകൾ കെട്ടുന്നതിന് സ്ഥല പരിമിതി ഉണ്ട്. നിലവിലുള്ള ഓടകളുടെ അടിഭാഗത്തെ കോൺക്രീറ്റ് പൊളിച്ചു കളഞ്ഞു വെള്ളം ഭൂമിക്കടിയിലേക്ക് താഴ്ന്നു പോകുന്ന രീതിയിൽ മാറ്റം വരുത്തിയാൽ വെള്ളപ്പൊക്കത്തിന്റെ കാഠിന്യം വലിയൊരളവുവരെ കുറയ്ക്കാനാകും.

### ദുരന്ത നിവാരണം പാഠപുസ്തകങ്ങളിലൂടെ

ഓരോ പ്രദേശത്തെയും ജനങ്ങളെ പരിശീലിപ്പിക്കുന്നതിലും എത്രയോ ഭേദമാണ് സ്കൂൾ തലത്തിൽ കുട്ടികളെ ദുരന്തങ്ങൾ കൈകാര്യം ചെയ്യാൻ പഠിപ്പിക്കുന്നത്.ഇപ്പോൾ,സി.ബി.എസ് ഇ. ക്ലാസ്സുകളിൽ ദുരന്ത നിവാരണം ഒരു പാഠ്യ വിഷയമായുണ്ട്. ഭൂകമ്പം, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, എന്നിങ്ങനെ ഓരോ ദുരന്തസമയത്തും എന്ത് ചെയ്യാം, എന്ത് ചെയ്തുകൂടാ, എന്നിങ്ങനെയുള്ള കാര്യങ്ങൾ സ്റ്റേറ്റ് സിലബസിലും കൂടി ഉൾപ്പെടുത്തിയാൽ അടുത്ത തലമുറ ദുരന്തങ്ങളെ നേരിടാൻ ശേഷിയുള്ളവരായി വളരും.

### വലിയ വീടുകളും ടൈൽസിട്ട മുറ്റങ്ങളും നിരോധിക്കാൻ നിയമം വേണം

ഒന്നിൽ കൂടുതൽ വീടുകൾ വയ്ക്കുന്ന സംസ്കാരം കേരളത്തിൽ ഒരു രോഗം പോലെ പടർന്നു പിടിച്ചിരിക്കുകയാണ്. അതും , മുറ്റം നിറഞ്ഞു നിൽക്കുന്ന വലിയ വീടുകൾ! കോൺക്രീറ്റ് അടിത്തറ പാകിയ സ്ഥലത്തു കൂടി മഴവെള്ളം ഭൂമിക്കടിയിലേക്ക് ഇറങ്ങില്ല. ടൈൽസിനിടയിൽ കൂടിയും വെള്ളം താഴേക്ക് പോകില്ല. ഈ മഴവെള്ളം മുഴുവൻ റോഡിലേക്കും, താഴ്ന്ന പ്രദേശങ്ങളിലേക്കും, വെള്ളപ്പൊക്കത്തിന്റെ രൂപത്തിൽ കയറി വരും. 2016ലെ സംസ്ഥാന ദുരന്ത നിവാരണ പ്ലാനിൽ പറയുന്നത് കേരളത്തിലെ 14.8 ശതമാനം ഭൂവിഭാഗവും വെള്ളപ്പൊക്ക ഭീഷണിയിൽ ആണെന്നാണ്.

ദുരന്ത നിവാരണ അതോറിറ്റി ദുരന്തങ്ങളെ നേരിടാനായി 'പുതിയ' ഒരു ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതു മരാമത്ത്, റെവന്യൂ, പോലീസ്, അഗ്നിശമന സേന എന്നിങ്ങനെ 19 ലൈൻ ഡിപ്പാർട്ട്മെന്റുകൾ മഴക്കാലത്തിനു മുൻപ് ചെയ്യേണ്ട മുന്നൊരുക്കങ്ങളാണ് ഈ ബുക്കിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. ഉദാഹരണമായി, ഡാം സുരക്ഷാ അതോറിറ്റി, മഴക്കാലത്തിനു മുൻപ് നിലവിലുള്ള എല്ലാ ഡാമുകളുടെയും സുരക്ഷ പരിശോധിക്കണം എന്ന് പറയുന്നുണ്ട്. പൊതുമരാമത്തു വകുപ്പ് (പി.ഡബ്ല്യൂ.ഡി),മഴക്കാലത്തിനു മുൻപ് എല്ലാ പാലങ്ങളുടെയും ഉറപ്പു പരിശോധിച്ചു ഓഡിറ്റ് നടത്തണമെന്നും, ആരോഗ്യ വകുപ്പ്, മഴക്കാല സാംക്രമിക രോഗങ്ങൾ തടയാൻ നടപടി എടുക്കണമെന്നും, ആവശ്യം വേണ്ട മരുന്നുകൾ എല്ലാ ആശുപത്രികളിലും സൂക്ഷിക്കണമെന്നും ഓറഞ്ചു ബുക്കിൽ ഉണ്ട്. മൃഗ സംരക്ഷണ വകുപ്പ് ജന്തുക്കളിൽ കൂടി പടരുന്ന സാംക്രമിക രോഗങ്ങളെ തടയണമെന്നും, റെവന്യൂ വകുപ്പ്, ദുരന്ത ബാധിതരെ പാർപ്പിക്കാൻ ഷെൽട്ടറുകൾ നേരത്തെ നോക്കി വെക്കണമെന്നും നിർദ്ദേശങ്ങളിൽ ചേർത്തിട്ടുണ്ട്. രാവിലെ 6 മണിക്കും, വൈകീട്ട് 6 മണിക്കും ഇടയിൽ ഒരു കാരണവശാലും ഡാമുകളിൽ നിന്ന് വെള്ളം തുറന്നു വിടരുതെന്നും, ഒന്നാമത്തെയും, മൂന്നാമത്തെയും മുന്നറിയിപ്പുകൾക്കിടയിൽ (അലെർട്ട് ), 24 മണിക്കൂർ സമയം ഉണ്ടായിരിക്കണമെന്നുമുള്ള പുതിയ ചില കാര്യങ്ങൾ ഉണ്ടെങ്കിലും, ഇതിൽ ഭൂരിഭാഗം നിർദേശങ്ങളും ഓരോ ഡിപ്പാർട്ട്മെന്റിന്റെയും നിലവിലുള്ള ഉത്തരവാദിത്തങ്ങളാണെന്നത് ഒരു പരിമിതിയാണ്.

ഈ ഓറഞ്ച് ബുക്കിൽ ചേർക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതി, അപകട സാധ്യതയുള്ള സ്ഥലത്തു താമസിക്കുന്ന ആളുകൾ ഓറഞ്ച്, റെഡ് എന്നിങ്ങനെയുള്ള അലെർട്ടുകളിൽ എന്താണ് ചെയ്യേണ്ടതെന്ന് അവർക്കറിവില്ലാതെ പോകുന്നു എന്നതാണ്. എന്ത് മുന്നറിയിപ്പ് കിട്ടിയാലും, അധികാരികളുടെ നിർദ്ദേശത്തിനു കാത്തിരിക്കേണ്ടി വരിക എന്നത് അത്ര ആശാസ്യമല്ല. ദീർഘകാലാടിസ്ഥാനത്തിലുള്ള ദുരന്തപരിഹാര മാർഗങ്ങൾക്കു പകരം ഹ്രസ്വ കാലാടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നല്കുന്നതെന്നതും മാറ്റേണ്ടതുണ്ട് .

ഇന്ത്യയിൽ, ഏറ്റവും കൂടുതൽ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഉള്ളത് കേരളത്തിൽ ആണ്. മലകളും, വയലുകളും, കുന്നുകളും, ചെടികളും, വനങ്ങളും ദുരന്തങ്ങൾ ഇല്ലാതാക്കാൻ എത്ര പങ്കു വഹിക്കുന്നുണ്ടെന്ന് നമ്മളിൽ പലർക്കും ഇപ്പോഴും അറിയില്ല. അത്തരം ആൾക്കാർ ഉള്ളിടത്തോളം കാലം, ദുരന്തങ്ങൾ വന്നു കൊണ്ടേയിരിക്കും . സർക്കാരിന്റെ ഇച്ഛാ ശക്തിയും, കർമ്മനിരതരായ ഉദ്യോഗസ്ഥരുടെ സേവനവും ഉപയോഗപ്പെടുത്തി നിലവിലുള്ള എല്ലാ പോരായ്മകളും മാറ്റിയെടുത്തുകൊണ്ട് സ്ഥായിയായ ദുരന്ത നിവാരണം കൈവരിക്കാനാകും എന്നത് തീർച്ചയാണ്. ●

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 25-08-2020, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 25–08–2020 അവസാന തീയതി: 30–09–2020 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകൾ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൌകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 46/2020
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ
### കേരള കോളേജ് വിദ്യാഭ്യാസം

1 **വകുപ്പ്** : കേരള കോളേജ് വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ
3. **ശമ്പളം** : യു.ജി.സി. നിരക്കിൽ
4. **ഒഴിവുകളുടെ എണ്ണം** : 9 (ഒൻപത് )
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ്:** 17/10/2012 തീയതിയിലെ G.O (P) No.61/12/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3% ഒഴിവുകൾ ചലന വൈകല്യമുള്ളവർ / സെറിബ്രൽ പാൾസി ബാധിച്ചവർ , ഭാഗികമായോ പൂർണമായോ കാഴ്ച ശക്തി ഇല്ലാത്തവർ , ശ്രവണ വൈകല്യമുള്ളവർ എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്തിരിക്കുന്നു .

**5 നിയമന രീതി:** നേരിട്ടുള്ള നിയമനം

**6 പ്രായം :** 22–40. ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടിക ജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്കം എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് വയസ്സിളവ് സംബന്ധിച്ച ആനുകൂല്യങ്ങൾ നൽകുന്നത്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് Part II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7 യോഗ്യതകൾ:** 1) അൻപത്തിയഞ്ചു ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം. 2)യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

ii) പട്ടിക ജാതി , പട്ടികവർഗ്ഗം , മറ്റ് പിന്നോക്കം, ഭിന്നശേഷി എന്നീ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിനു അൻപതു ശതമാനം മാർക്ക് മതിയാകുന്നതാണ് . (G.O.(Ms.) No.2/07/H.Edn. Dated 04/01/2007 & G.O.(P) No.10/2018/H.Edn Dated 13/04/2018)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

### കാറ്റഗറി നമ്പർ: 47/2020–58/2020
### അസിസ്റ്റന്റ് പ്രൊഫസർ
### (വിവിധ വിഷയങ്ങളിൽ)
### ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകൾ

1 **വകുപ്പ്** : ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകൾ
2. **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ (വിവിധ വിഷയങ്ങളിൽ)
3. **ശമ്പളം** : യു ജി സി മാനദണ്ഡപ്രകാരം.
4. **ഒഴിവുകളുടെ എണ്ണം** : 29
(താഴെ പറയുന്ന വിഷയങ്ങളിൽ.)

| | വിഷയം | ഒഴിവുകൾ | കാറ്റഗറി നമ്പർ |
|---|---|---|---|
| 1 | അനാട്ടമി | 2 | 47/2020 |
| 2 | ഫിസിയോളജി ആന്റ് ബയോകെമിസ്ട്രി | 2 | 48/2020 |
| 3 | ഹോമിയോപ്പതിക് ഫാർമസി | 2 | 49/2020 |
| 4 | പത്തോളജിആന്റ് മൈക്രോബയോളജി | 1 | 50/2020 |
| 5 | ഫോറൻസിക് മെഡിസിൻ ആന്റ് ടോക്സിക്കോളജി | 1 | 51/2020 |
| 6 | കമ്യൂണിറ്റി മെഡിസിൻ (സോഷ്യൽ ആന്റ് പ്രിവന്റീവ് മെഡിസിൻ) | 1 | 52/2020 |
| 7 | സർജറി | 2 | 53/2020 |
| 8 | ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി | 1 | 54/2020 |
| 9 | പ്രാക്റ്റീസ് ഓഫ് മെഡിസിൻ | 2 | 55/2020 |
| 10 | കേസ് ടേക്കിങ്ങ് ആന്റ് റിപ്പേർട്ടറൈസേഷൻ | 4 | 56/2020 |
| 11 | ഓർഗനൻ ഓഫ് മെഡിസിൻ ആന്റ് ഹോമിയോപ്പതിക് ഫിലോസഫി | 6 | 57/2020 |
| 12 | മെറ്റീരിയ മെഡിക്ക | 5 | 58/2020 |

**കുറിപ്പ്:** GO(P) No. 61/2012/SWD Dt.17.10.2012 പ്രകാരം Locomotor Disabiltiy/ Cerebral Palsy വിഭാഗത്തിൽപെടുന്ന ഭിന്നശേഷിക്കാരെ മാത്രമേ ഈ തസ്തികയിലെ നിയമനത്തിന് യോഗ്യരായി കണ്ടെത്തിയിട്ടുള്ളൂ. ആയതിനാൽ Blindness/Low vision , Hearing Impairment എന്നീ വിഭാഗങ്ങളിൽപെടുന്ന ഭിന്നശേഷിക്കാർ ഈ തസ്തികയിലെ തെരഞ്ഞെടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 22–38; ഉദ്യോഗാർത്ഥികൾ 02/01/1982നും 01–01–1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ** : 1. ബന്ധപ്പെട്ട വിഷയത്തിൽ സെൻട്രൽ കൌൺസിൽ ഓഫ് ഹോമിയോപ്പതി അംഗീകരിച്ചതും ഹോമിയോപ്പതി സെൻട്രൽ കൌൺസിൽ ആക്ട് 1973ന്റെ ഷെഡ്യൂൾ 2ൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ബിരുദാനന്തരബിരുദം. (1973 ലെ സെൻട്രൽ ആക്ട് 59)

2. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൌൺസിലിന്റെ സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്:** 1. ബിരുദാനന്തരബിരുദം മൂന്നു വർഷത്തെ റഗുലർ പഠനത്തിനു ശേഷം നേടിയതായിരിക്കണം.

2. അനാട്ടമി, ഫിസിയോളജി ആന്റ് ബയോകെമിസ്ട്രി, പതോളജി ആന്റ് മൈക്രോബയോളജി, ഫോറൻസിക് മെഡിസിൻ ആന്റ് ടോക്സിക്കോളജി, സർജറി, ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി, പ്രാക്റ്റിസ് ഓഫ് മെഡിസിൻ ആന്റ് കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഷയങ്ങളിൽ മുകളിൽ പരാമർശിക്കും പ്രകാരം ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, ഹോമിയോപ്പതിയിൽ ബിരുദാനന്തരബിരുദം ഉള്ള ഉദ്യോഗാർത്ഥികൾക്ക് അതതു വിഷയങ്ങളിൽ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 59/2020
## അസിസ്റ്റന്റ്
## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

1 **വകുപ്പ്** : കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
2. **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ്
3. **ശമ്പളം** : ₹ 27800–59400
4. **ഒഴിവുകളുടെ എണ്ണം** : 10 (പത്ത്)
5. **നിയമനരീതി** : നേരിട്ടുള്ള നിയമനം.
6 **പ്രായം** : 18–36.

ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം, വിധവകൾ എന്നിവർക്ക്നിയമാനുസൃത ഇളവുണ്ടായിരിക്കും.

[വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട്2 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

**കുറിപ്പ്:** ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്നശേഷിയുള്ള (Locomotor Disabiltiy/ Cerebral P-alsy, Low Vision, Hearing Impairment) ഉദ്യോഗാർത്ഥികൾക്കായി 03.01.2013 തീയതിയിലെ G.O.(P).No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു. എന്നാൽ ഭിന്നശേഷിയുള്ള കാഴ്ചയില്ലാത്ത ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

7 **യോഗ്യതകൾ** : ബിരുദം.

**അഭിലഷണീയം:** നിയമത്തിലുള്ള ബിരുദം

**കുറിപ്പ്:** (a) ബിരുദം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് യു.ജി.സി അംഗീകൃത സർവ്വകലാശാലയിൽ നിന്നോ, ഇന്ത്യാ ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ദേശീയ സ്ഥാപനത്തിൽ നിന്നോ, കേരള ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള സ്ഥാപനത്തിൽ നിന്നോ നേടിയിട്ടുള്ള ഏതെങ്കിലും വിഷയത്തിലുള്ള ബാച്ചിലർ ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത എന്നതാണ്.

## കാറ്റഗറി നമ്പർ: 60/2020
## ഡാറ്റാ എൻട്രി ഓപ്പറേറ്റർ
## പട്ടികവർഗ്ഗ വികസനം

1 **വകുപ്പ്** : പട്ടികവർഗ്ഗ വികസനം
2. **ഉദ്യോഗപ്പേര്** : ഡാറ്റാ എൻട്രി ഓപ്പറേറ്റർ
3. **ശമ്പളം** : ₹19000–43600/
4. **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി,പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗം എന്നിവർക്ക് അനുവദനീയമായ വയസിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

7. **യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയുടെ ബിരുദവും ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള പി.ജി.ഡി.സി.എ/ഡി.സി.എ യും.

**കുറിപ്പ് :** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തെ സേവനത്തിനുള്ളിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിൽ ആയിരിക്കും.

## കാറ്റഗറി നമ്പർ: 61/2020
## തീയറ്റർ മെക്കാനിക് ഗ്രേഡ് II
## മെഡിക്കൽ വിദ്യാഭ്യാസം

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : തീയറ്റർ മെക്കാനിക് ഗ്രേഡ് II
3. **ശമ്പളം** : ₹19000–43600/
4. **ഒഴിവുകളുടെ എണ്ണം** : 4 (നാല്)

**കുറിപ്പ്:** 03.01.2013 ലെ ജി.ഒ(പി)നം.1/13/SJDനമ്പർ സർക്കാർ ഉത്തരവുപ്രകാരം ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗത്തിൽ പെടുന്ന ഭിന്നശേഷിയുള്ളവർക്കായി ഒഴിവുകളുടെ മൂന്നു ശതമാനം (3% ) സംവരണം ചെയ്തിരിക്കുന്നു. ടി സർക്കാർ ഉത്തരവുപ്രകാരം Blindness, Low vision ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷക്കുവാൻ അർഹരല്ല.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1984 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ )പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗം എന്നിവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. [വയസ്സിളവിനെ സംബന്ധിച്ച് മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട്–2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

7 **യോഗ്യതകൾ : 1.** III ഫോറം പാസ്സായിരിക്കണം അല്ലെങ്കിൽ 7–ാം സ്റ്റാന്റേർഡ് (പുതിയത്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം.

2. തീയറ്റർ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ രണ്ടു വർഷത്തെ പരിചയം ഉണ്ടായിരിക്കണം.

**കുറിപ്പ് :** താഴെപ്പറയുന്ന ഉദ്യോഗസ്ഥരടങ്ങിയ ഒരു ബോർഡ് തീയറ്റർ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലെ വൈദഗ്ധ്യം പരിശോധിക്കുന്നതാണ്.

i ചീഫ് അനസ്തെറ്റിസ്റ്റ്, മെഡിക്കൽ കോളേജ് തിരുവനന്തപുരം.
ii പ്രൊഫസർ ഓഫ് സർജറി, മെഡിക്കൽ കോളേജ് തിരുവനന്തപുരം.
iii സൂപ്രണ്ട്, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ തിരുവനന്തപുരം.

തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:**1. സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള പരിചയസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപത്രം കേരള /കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമപ്രകാരം/ചട്ടപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ/വേതന സംരക്ഷണം ഉറപ്പാക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താവുന്നതാണ്. സർക്കാരിലെയും സർക്കാർ നിയന്ത്രണമുള്ള പൊതുമേഖലയിലേയും ആശുപത്രികളിൽ നിന്നുള്ള പരിചയ സർട്ടിഫിക്കറ്റിലെ സാക്ഷ്യപത്രം ആശുപത്രി മേലധികാരിക്കുതന്നെ സാക്ഷ്യപ്പെടുത്താവുന്നതാണ്.

2. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെസ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താല്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

3. പരിചയസർട്ടിഫിക്കറ്റ് സർക്കാരിലെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. പരിചയ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥിയുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ: 62/2020
## മാനേജർ ഖാദി ഗ്രാമോദ്യോഗ് ഭവൻ/ ഗോഡൗൺ കീപ്പർ
## കേരള ഖാദി &വില്ലജ് ഇൻഡസ്ട്രീസ് ബോർഡ്

1 **വകുപ്പ്** : കേരള ഖാദി &വില്ലജ് ഇൻഡസ്ട്രീസ് ബോർഡ്
2 **ഉദ്യോഗപ്പേര്** : മാനേജർ ഖാദി ഗ്രാമോദ്യോഗ് ഭവൻ / ഗോഡൗൺ കീപ്പർ
3 **ശമ്പളം** : ₹ 13,210–22,360/
4 **ഒഴിവുകളുടെ എണ്ണം** : 07 (ഏഴ്)

**കുറിപ്പ്** : ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസില്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(x) & (xii) നോക്കുക.)

7. **യോഗ്യതകൾ :** അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബി കോം ബിരുദം

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5,6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 63/2020
## സ്റ്റോർ കീപ്പർ
## കേരള ഖാദി &വില്ലജ് ഇൻഡസ്ട്രീസ് ബോർഡ്

1 **വകുപ്പ്** : കേരള ഖാദി &വില്ലജ് ഇൻഡസ്ട്രീസ് ബോർഡ്
2 **ഉദ്യോഗപ്പേര്** : സ്റ്റോർ കീപ്പർ
3 **ശമ്പളം** : ₹ 13,210–22,360/
4 **ഒഴിവുകളുടെ എണ്ണം** : 05 (അഞ്ച്)

**കുറിപ്പ്** : 1. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം.

2. ടി തസ്തികയുടെ 3% ഒഴിവുകൾ ചലന വൈകല്യം/ സെറിബ്രൽ പാൾസി, ശ്രവണ വൈകല്യം, കാഴ്ചവൈകല്യം എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി 03.01.2013ലെ GO(P)No.1/13/SJD ഉത്തരവ് പ്രകാരം നീക്കി വച്ചിരിക്കുന്നു.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(x) & (xii) നോക്കുക.)

7. **യോഗ്യതകൾ :** അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബി കോം ബിരുദം.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 64/2020
## ജൂനിയർ ഓഡിറ്റ് അസിസ്റ്റന്റ്
## കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്

1 **വകുപ്പ്** : കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : ജൂനിയർ ഓഡിറ്റ് അസിസ്റ്റന്റ്
3 **ശമ്പളം** : ₹ 12,070–32,830/
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

1 മുകളിൽ പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക/സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുത്തുവാൻ സാദ്ധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.

3 മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ വിധവകൾ എന്നിവർക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും

(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി

എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ്:** 1. ഈ ഉദ്യോഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ പ്രൊബേഷനറായി ആയിരിക്കും നിയമനം നടത്തുക. പ്രൊബേഷൻ കാലാവധി സ്ഥാപനത്തിന്റെ നിലവിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

2. പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കുന്ന ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നതാണ്. സ്ഥിരപ്പെടുത്തൽ ഉത്തരവ് വരുന്നതുവരെ ഉദ്യോഗാർത്ഥി പ്രൊബേഷനിലായിരിക്കും.

**6 പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(xii)& (xiv) നോക്കുക.)

**7. യോഗ്യതകൾ :** ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (കെ.ജി.റ്റി.ഇ) ഹയർ അല്ലെങ്കിൽ ഡിപ്ലോമ ഇൻ കൊമേർഷ്യൽ പ്രാക്ടീസ് ഉള്ള ബിരുദധാരി

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii) (ix), (xi) & (xiii) എന്നീ ഉപഖണ്ഡികകളും5 6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ: 69/2020
### ഹൈസ്ക്കൂൾ ടീച്ചർ (മാത്തമറ്റിക്സ്) മലയാളം മാധ്യമം (തസ്തികമാറ്റം വഴി)
### വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ ടീച്ചർ (മാത്തമറ്റിക്സ്) മലയാളം മാധ്യമം (തസ്തികമാറ്റം വഴി)

**3 ശമ്പളം** : ₹ 29200–62400/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| 1. മലപ്പുറം | 5 (അഞ്ച്) |
| 2. തൃശൂർ | 1 (ഒന്ന്) |
| 3. കോഴിക്കോട് | 1 (ഒന്ന്) |
| 4. കണ്ണൂർ | 6 (ആറ്) |
| 5. തിരുവനന്തപുരം | കണക്കാക്കപ്പെട്ടിട്ടില്ല |
| 6. കൊല്ലം | |
| 7. പത്തനംതിട്ട | |
| 8. കോട്ടയം | |
| 9. എറണാകുളം | |

**കുറിപ്പ്:** ii) തസ്തികമാറ്റം വഴി നിയമനത്തിനായി മാറ്റി വയ്ക്കപ്പെട്ട ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.

V) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

vi) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

ïi) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5 നിയമനരീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം. (പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികകയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയവരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം)

**6 പ്രായപരിധി** : ബാധകമല്ല

**7 യോഗ്യതകൾ:** (1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ മാത്തമാറ്റിക്സിലോ, സ്റ്റാറ്റിസ്റ്റിക്സിലോ ഉള്ള ബിരുദം ഉണ്ടായിരിക്കണം. കൂടാതെ ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ B.Ed/BT ബിരുദവും ഉണ്ടായിരിക്കണം.

(2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ് :** i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

ii) 31.03.2012 ന് മുൻപ് സർവീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല.

iii) മാത്തമറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദം നേടിയവരെയും ബന്ധപ്പെട്ട വിഷയത്തിൽത്തന്നെ B.Ed/BT ബിരുദമുള്ള പക്ഷം ഈ തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

iv) റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

v) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് കെമിസ്ട്രി ഗണിതശാസ്ത്രം സ്ട്രീമിലുള്ള B.Sc Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (30.3.13 ലെ GO (P) No 117/13/G Edn)

vi) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

vii) ഈ തസ്തികയ്ക്ക് എഴുത്ത് (വിവരാണാത്മക/ഒ.എം.ആർ) പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്. (OMR ഉത്തരകടലാസ് സംബന്ധിച്ച് ഉത്തരങ്ങൾ എഴുതുന്നതിനുപകരം നിർദ്ദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.)

(3) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

**കുറിപ്പ്:** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വയ്ക്കേണ്ടതും വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ മാത്രം ഹാജരാക്കേണ്ടതുമാണ്. **(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

### കാറ്റഗറി നമ്പർ: 70/2020
### ആക്സിലറി നഴ്സ് മിഡ് വൈഫ്
### ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

**1 വകുപ്പ്** : ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

**2. ഉദ്യോഗപ്പേര്** : ആക്സിലറി നഴ്സ് മിഡ് വൈഫ്

**3. ശമ്പളം** : ₹22,200 – 48,000/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം | 1 |
| ഇടുക്കി | 1 |
| എറണാകുളം | 1 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 2 |

**കുറിപ്പ് :** (ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (M.S) 154/71/PDലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (M.S) 4/61/PDയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** (i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(ii) ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഒരു സ്ഥാപനത്തിൽ നിന്നും ലഭിച്ച ആക്സിലറി നഴ്സ് മിഡ് വൈഫ് സർട്ടിഫിക്കറ്റോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം.

(iii) കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിന്റെ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ് :** 1. പട്ടികവർഗ്ഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളും 1976ലെ പട്ടികജാതി/പട്ടികവർഗ്ഗ (ഭേദഗതി) ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് (അതായത് 27–7–1977) എ.എൻ.എം കോഴ്സിലേയ്ക്ക് പ്രവേശനം ലഭിച്ചവരുമായ ഉദ്യോഗാർത്ഥികളും മുകളിൽ ഇനം (i)ൽ നിർദ്ദേശിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയായി എട്ടാം സ്റ്റാൻഡേർഡ് പാസ്സായിരുന്നാൽ മതിയാകും. ഈ ഇളവ് നിർദ്ദിഷ്ട യോഗ്യതയുള്ള പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിലും പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള സംവരണ വിഹിതത്തിന് മതിയാകും വരെ മാത്രമേ അനുവദിക്കുകയുള്ളു. പട്ടികജാതിയിലും മറ്റു പിന്നോക്ക സമുദായത്തിലുംപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മുകളിൽ ഒന്നാം വിഭാഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയായി എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയിരുന്നാൽ മതിയാകുന്നതാണ് (എസ്.എസ്.എൽ.സി തോറ്റ ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്). ഈ ഇളവ് പട്ടികജാതിയിലും മറ്റു പിന്നോക്ക സമുദായത്തിലുംപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള സംവരണ വിഹിതത്തിന് മതിയാകും വരെ മാത്രമേ അനുവദിക്കുകയുള്ളൂ.

2. മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ സെൻട്രൽ നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിൽ നിന്നോ രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളവർക്കും ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവർ ഈ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിരിക്കണം.

3. ഭിന്നശേഷി വിഭാഗക്കാർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കാൻ അർഹരല്ല.

### കാറ്റഗറി നമ്പർ: 71/2020
### കാർപെന്റർ/കാർപെന്റർ കം പാക്കർ
### മൃഗസംരക്ഷണം

**1 വകുപ്പ്** : മൃഗസംരക്ഷണം

**2. ഉദ്യോഗപ്പേര്** : കാർപെന്റർ/ കാർപെന്റർ കം പാക്കർ

**3. ശമ്പളം** : ₹17,500 – 39,500/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം 01 (ഒന്ന്)

**കുറിപ്പ് :** (ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (M.S) 154/71/PD ലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (M.S) 4/61/PDയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് അ

പേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.

(v) 03.01.2013ലെ G.O (P) No. 01/13/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3% (മൂന്ന് ശതമാനം) ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ ഭിന്നശേഷി വിഭാഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. Blindness/ Low Vision വിഭാഗത്തിനെ 3% ഭിന്നശേഷി സംവരണത്തിന് ഐഡന്റിഫൈ ചെയ്തിട്ടില്ലാത്തതിനാൽ ടി ഭിന്നശേഷി വിഭാഗക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** 1) ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം.
2) കാർപെന്ററി ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 72/2020
### അസിസ്റ്റന്റ് പ്രൊഫസർ (മെറ്റീരിയ മെഡിക്ക) ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ
**(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽനിന്നു മാത്രം)**

**1 വകുപ്പ്** : ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ (മെറ്റീരിയ മെഡിക്ക) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**3. ശമ്പളം** : ₹15600–39100 / (എ.ജി.പി–6000)

**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 22–43 ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1998 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സു വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1. സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി അംഗീകരിച്ചതും ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 ന്റെ രണ്ടാം പട്ടികയിൽ (1973 ലെ സെൻട്രൽ ആക്ട് 59) ഉൾപ്പെടുത്തിയിട്ടുള്ളതുമായ മെറ്റീരിയ മെഡിക്കയിൽ ഉള്ള ബിരുദാനന്തര ബിരുദം

2. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്:** 1 ബിരുദാനന്തര ബിരുദം മൂന്ന് വർഷത്തെ റഗുലർ പഠനത്തിന് ശേഷം നേടിയതായിരിക്കണം

**പ്രൊബേഷൻ:** ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന നാൾ മുതൽ തുടർച്ചയായ മൂന്നു വർഷ സേവന കാലയളവിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ: 73/2020
### വനിതാ പോലീസ് കോൺസ്റ്റബിൾ പോലീസ് (കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസസ് ) പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം

**1 വകുപ്പ്** : പോലീസ് (കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസസ് )

**2. ഉദ്യോഗപ്പേര്** : വനിതാ പോലീസ് കോൺസ്റ്റബിൾ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം

**(കുറിപ്പ്:** ഭിന്നശേഷിയുള്ളവർക്കും പുരുഷൻമാർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.)

**3. ശമ്പളം** : ₹ 22200–48000

**4. ഒഴിവുകളുടെ എണ്ണം** : സംസ്ഥാനതലം – പട്ടികവർഗ്ഗം–34

**കുറിപ്പ്:** I. പോലീസ് വകുപ്പിൽ വനിത പോലീസ് തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് വനിതാ പോലീസ് ബറ്റാലിയൻ വഴി മാത്രം നടത്തുന്നതും ജില്ലകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക് ഈ ബറ്റാലിയനിൽ നിന്നും അഡ്വൈസ് /റാങ്ക് സീനിയോറിറ്റി ക്രമത്തിൽ വനിതാ സേനാംഗങ്ങളെ ട്രാൻസ്ഫെർ ചെയ്യുന്നതുമാണ് (05/06/2017 ലെ സ.ഉ. (സാധാ) നം.1484/2017/ആഭ്യന്തരം ഉത്തരവ്) തെരഞ്ഞെടുപ്പ് ബറ്റാലിയനടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും. വിജ്ഞാപനപ്രകാരം ബറ്റാലിയനടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം )

**കുറിപ്പ്:** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുളളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം :** 18 –31 , ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ് ഇളവിനെ സംബന്ധിച്ച് മറ്റ് ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ 2 ാം ഖണ്ഡിക ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7. യോഗ്യതകൾ:**

**1 വിദ്യാഭ്യാസ യോഗ്യത :**
ഹയർ സെക്കന്ററി (+2 )പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

**കുറിപ്പ് :** 1) ഹയർ സെക്കന്ററി യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഹയർ സെക്കന്ററി വിജയിക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

**2. ശാരീരിക യോഗ്യത :**
(a) ഉയരം കുറഞ്ഞത് 150 സെ.മീ,
(b) കാഴ്ചശക്തി താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം.
(2) കളർ ബ്ലൈൻഡ്നസ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.
(3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

3. മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾക്കു പുറമെ ഓരോ ഉദ്യോഗാർത്ഥിയേയും ശാരീരിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 3 (മൂന്ന്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈ ജമ്പ് | 1.06 meter |
| 3 | ലോംഗ് ജമ്പ് | 3.05 meter |
| 4 | പുട്ടിംഗ് ദ് ഷോട്ട് (4000 ഗ്രാം) | 4.88 meter |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോ ബോൾ | 14 meter |
| 7 | ഷട്ടിൽ റെയ്സ് (2500cm x 400cm) | 26 സെക്കന്റ് |
| 8 | സ്കിപ്പിംഗ് (ഒരു മിനിട്ട്) | 80 തവണ |

**കുറിപ്പ് :** ഉദ്യോഗാർത്ഥികളുടെ ഉയരം കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത ഉയരം ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. ട്രെയിനിംഗ്:** വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി തിരഞ്ഞെടുക്കുപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ, സംസ്ഥാന പോലീസ് മേധാവിയോ നിശ്ചയിക്കുന്ന സ്ഥാപനത്തിൽ വച്ചോ ഒരു വർഷക്കാലം ട്രെയിനിംഗ് ഉണ്ടായിരിക്കുന്നതാണ്. അതത് സമയങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്റ്റൈപ്പന്റ് പരിശീലന കാലത്ത് ലഭിക്കുന്നതാണ്.

**9. പ്രൊബേഷൻ:** നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നയാൾ നേരിട്ടുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ 3 വർഷത്തെ സേവനകാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

14. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

15. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ: 74/2020
### ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എൽ.ഡി.വി) വിവിധം (എൻ.സി.സി, സൈനികക്ഷേമം, ടൂറിസം, എക്സൈസ്, പോലീസ്, വനം, ട്രാൻസ്പോർട്ട് എന്നീ വകുപ്പുകൾ ഒഴികെ)
**(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം)**

**1 വകുപ്പ്** : വിവിധം (എൻ.സി.സി, സൈനികക്ഷേമം, ടൂറിസം, എക്സൈസ്, പോലീസ്, വനം, ട്രാൻസ്പോർട്ട് എന്നീ വകുപ്പുകൾ ഒഴികെ)

**2. ഉദ്യോഗപ്പേര്** : ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എൽ.ഡി.വി) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം)

**3. ശമ്പളം** : ₹18000–41500/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാതലം

| | |
|---|---|
| തിരുവനന്തപുരം | 03 (മൂന്ന്) |
| കൊല്ലം | 02 (രണ്ട്) |
| പത്തനംതിട്ട | 01 (ഒന്ന്) |
| കോട്ടയം | 01 (ഒന്ന്) |
| ഇടുക്കി | 02 (രണ്ട്) |
| എറണാകുളം | 01 (ഒന്ന്) |
| മലപ്പുറം | 01 (ഒന്ന്) |
| കോഴിക്കോട് | 03 (മൂന്ന്) |
| കണ്ണൂർ | 01 (ഒന്ന്) |

**കുറിപ്പ്:** (ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ.(എം.എസ്.)നമ്പർ 154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഏതെങ്കിലും ഒരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ.(എം.എസ്.) നമ്പർ 4/61/പി.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന തസ്തികയ്ക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിലുണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാ

റാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 154/71/പി.ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം.
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം).

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം :** 18–44. ഉദ്യോഗാർത്ഥികൾ 02/01/1976നും 01/01/2002 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

**7. യോഗ്യതകൾ :** (1) ഏഴാം ക്ലാസ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം.

(2) ഡ്രൈവേഴ്സ് ബാഡ്ജും, ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ളതും ചുരുങ്ങിയത് 3 (മൂന്ന്) വർഷമായി പ്രാബല്യത്തിലുള്ളതുമായ ഡ്രൈവിംഗ് ലൈസൻസും ഉണ്ടായിരിക്കണം.

(3) ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള കഴിവ് പി.എസ്.സി. നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (H ടെസ്റ്റും, റോഡ് ടെസ്റ്റും അടക്കം) തെളിയിക്കേണ്ടതാണ്. H ടെസ്റ്റ് പാസ്സായവരെ മാത്രമേ റോഡ് ടെസ്റ്റിന് പരിഗണിക്കുകയുള്ളൂ.

**കുറിപ്പ്:** b) തിരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും, അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ. ടെസ്റ്റ്, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ, നിയമന ശിപാർശ തുടങ്ങി എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

c) 12.10.2018 മുതൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ബാഡ്ജ് ഒഴിവാക്കിയിട്ടുണ്ട്.

**(4) മെഡിക്കൽ ഫിറ്റ്നസ് :**

(എ) ചെവി : പരിപൂർണ്ണ ശ്രവണ ശക്തി ഉണ്ടായിരിക്കണം.

(ബി) **കണ്ണ്**

| | | |
|---|---|---|
| ദൂരക്കാഴ്ച | : | 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | : | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : | സാധാരണമായിരിക്കണം |
| മാലക്കണ്ണ് | : | ഇല്ലാതിരിക്കണം |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പു ഘടന : പൂർണ്ണമായും സാധാരണഗതിയിലുള്ളതായിരിക്കണം. പകർച്ച വ്യാധികളും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:** 1. അംഗപരിമിതർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3. ഈ തസ്തികയുടെ തിരഞ്ഞെടുപ്പിനായി ഒരു പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.

4. പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കപ്പെടുമ്പോൾ മുകളിൽ 7(4) ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (4 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഓഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. നിശ്ചിത ഫോറം ബന്ധപ്പെട്ട ജില്ലാ ഓഫീസർ പ്രായോഗിക പരീക്ഷയ്ക്കുള്ള മെമ്മോയോടൊപ്പം ഉദ്യോഗാർത്ഥികൾക്ക് അയച്ചു തരുന്നതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തിന്റെ ചുവടെ ചേർത്തിട്ടുണ്ട്.

**Note:** വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാക്കും.

**പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നു വർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

പൊതു വ്യവസ്ഥകളിലെ രണ്ടും മൂന്നും ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടിക ജാതി/ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 75/2020
## സീമാൻ
## ഹൈഡ്രോഗ്രാഫിക് സർവ്വേ വിങ് (തുറമുഖ വകുപ്പ്)
## (സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

| | | |
|---|---|---|
| **1 വകുപ്പ്** | : | ഹൈഡ്രോഗ്രാഫിക് സർവ്വേ വിങ് (തുറമുഖ വകുപ്പ് ) |
| **2. ഉദ്യോഗപ്പേര്** | : | സീമാൻ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം) |
| **3. ശമ്പളം** | : | ₹17500–39500/ |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ കൊല്ലം 1 (പട്ടികവർഗ്ഗം) |

**കുറിപ്പ്:** ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ (എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 25.05.1971 ലെ സർക്കാർ ഉത്തരവ് (എം.എസ് )154/71/പി.ഡിയിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്.ഇപ്രകാരം നിയമിക്കപെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ:**

(I) എട്ടാം സ്റ്റാൻഡേർഡ് വരെ പഠിച്ചിരിക്കണം

(ii)ബോട്ട് വലിക്കുന്നതിലും ( Boat pulling ) നോട്ട്സിലും (Knots) സ്പ്ലൈസസ് ആൻഡ് റിഗ്ഗിങ്ങിലും ( Splice and Riggling ) ഒറ്റ സിലിണ്ടറുള്ള മോട്ടോർബോട്ടുകൾ കൈകാര്യം ചെയ്യുന്നതിലും ( Handling single cylinder motor boats ) നങ്കൂരപണിയിലും ( Anchor work ) നീന്തലിലും (Swimmimng) പ്രാവിണ്യമുണ്ടായിരിക്കണം. ഇവയിലുള്ള പ്രാഗൽഭ്യം തിരഞ്ഞെടുപ്പ് സമയത്ത് കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ വിലയിരുത്തുന്നതാണ്.

**കുറിപ്പ്:** 12–02–1970 ലെ സർക്കാർ ഉത്തരവും [ജി.ഒ(എം.എസ്) നമ്പർ 50/70/പി.ഡി ]. തുടർന്ന് 21/07/1970 ലെ ഭേദഗതിയും [ജി.ഒ (എം.എസ്) നമ്പർ 246/ 70 പി.ഡി] അനുസരിച്ച് വിഴിഞ്ഞത്തുള്ള 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നോട്ടിക്കൽ സ്റ്റഡീസിലോ' (Institute of Nautical Studies) അതിനു സമാനമായ മറ്റേതെങ്കിലും ട്രെയിനിങ് സ്ഥാപനത്തിലോ 'സീമാൻ' പരിശീലനം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

*താഴെപറയുന്ന ശാരീരിക നിലവാരം ഉണ്ടായിരിക്കണം*

**ഉയരം :** 160 (നൂറ്റിഅറുപതു)സെന്റിമീറ്ററിൽ കുറയാൻ പാടില്ല (പാദരക്ഷയില്ലാതെ)

**തൂക്കം** : 48 (നാല്പത്തിയെട്ട്) കിലോഗ്രാമിൽ കുറയാൻ പാടില്ല.

**നെഞ്ചളവ്** : വികസിപ്പിക്കാതെ 78 (എഴുപത്തി എട്ട് ) സെന്റിമീറ്ററിൽ കുറയാൻ പാടില്ല.
വികസിക്കുമ്പോൾ 83 (എൻപത്തി മൂന്നു) സെന്റി മീറ്ററിൽ കുറയാൻ പാടില്ല.

**കാഴ്ചശക്തി :**

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | 6/6 | 6/6 |
| സമീപക്കാഴ്ച | 0.6 | 0.6 |

സ്കിൻറ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ (ഉദാ: ട്രക്കോമ)അയോഗ്യതയായി കണക്കാക്കുന്നതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 76/2020
## അറ്റൻഡർ ഗ്രേഡ് II
## ഹോമിയോപ്പതി
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

| | | |
|---|---|---|
| **1 വകുപ്പ്** | : | ഹോമിയോപ്പതി |
| **2 ഉദ്യോഗപ്പേര്** | : | അറ്റൻഡർ ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം) |
| **3 ശമ്പളം** | : | ₹ 17000 – 37500/– |
| **4 ഒഴിവുകളുടെ എണ്ണം** | : | ജില്ലാതലം<br>പാലക്കാട് 1 (ഒന്ന്)<br>എറണാകുളം 1 (ഒന്ന്) |

**കുറിപ്പ്:** 1. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

2. ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചതായോ തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–41, ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ), (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു.

**7. യോഗ്യതകൾ** :

1. എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

2. ഗവൺമെന്റ് ഹോമിയോ ആശുപത്രികളിൽ നിന്നോ 'A' ക്ലാസ് രജിസ്ട്രേഡ് പ്രാക്ടീഷണർമാർ നടത്തുന്ന ഡിസ്പെൻസറികളിൽ നിന്നോ ലഭിച്ച ഹോമിയോ മരുന്നുകൾ കൈകാര്യം ചെയ്തോ തയ്യാറാക്കിയതോ ആയ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം.

**8. പ്രൊബേഷൻ**

നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നയാൾ നേരിട്ടുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ 3 വർഷത്തെ സേവന കാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

(ശേഷം പേജ് 19ൽ)



# കലയും സാഹിത്യവും-17

## ഉത്സവങ്ങൾ ആരവങ്ങൾ

1. ഈജിപ്റ്റിൽ നിന്നുള്ള ജൂതരുടെ പുറപ്പാട് ആഘോഷിക്കുന്ന ജൂതരുടെ ഉത്സവം – **പേയ്സാക് (Passover)**
2. 'ഈദ് അൽ ആദ' ഏത് ഇസ്ലാമിക ആഘോഷവുമായി ബന്ധപ്പെട്ട ഉത്സവമാണ്? – **ഹജ്ജ് കാലം പൂർത്തിയാകുന്നതിന്റെ**
3. സിഖുക്കാരുടെ പുതുവർഷ ആഘോഷം അറിയപ്പെടുന്നത് ഏത് പേരിലാണ്? – **ബൈഷാഖി**
4. എല്ലാ വർഷവും ജപ്പാനിൽ മെയ് 5 നു നടക്കുന്ന 'കൊദൊ മോണൊ ഹി' എന്ത് തരം ആഘോഷമാണ്? **– കുട്ടികൾക്ക് വേണ്ടിയുള്ള ആഘോഷം**
5. ലായി ഹരോബ ഏത് സംസ്ഥാനത്തെ ഉത്സവമാണ്? –**മണിപ്പൂർ**
6. ഇന്ത്യയിൽ ഏത് മേഖലയിലാണ് ലോസർ മഹോത്സവം ആഘോഷിക്കുന്നത്? – **ലഡാക് മേഖല**
7. ഉത്സവങ്ങളുടെ ഉത്സവമെന്ന് ഇന്ത്യയിൽ അറിയപ്പെടുന്നത് ഏത് ആഘോഷമാണ്? – **ഹോൺബിൽ മേള**
8. ചപ്ച്ചാർ കുട്ട് മേള ഏത് സംസ്ഥാനത്താണ് നടക്കുന്നത്? – **മിസോറം**
9. പുഷ്കർ മേള നടക്കുന്ന സ്ഥലം – **അജ്മീർ (രാജസ്ഥാൻ)**
10. എല്ലാ വർഷവും ഷംഗായി മേള നടക്കുന്ന ജില്ല – **മണിപ്പൂർ**
11. ലക്നൗവിൽ തനത് സാംസ്കാരിക വൈവിധ്യത്തെയും കരകൗശല മികവിനെയും അടയാളപ്പെടുത്താൻ സംഘടിപ്പിക്കുന്ന മഹീന്ദ്ര സനത്കട ലക്നൗ ഫെസ്റ്റിവലിന് നേതൃത്വം നൽകുന്ന പഞ്ചാബി വനിത – **മാധവി കുക്രജ**
12. രാജ്യത്തെ ഏറ്റവും വലിയ കന്നുകാലി മേള നടക്കുന്നത് ബീഹാറിലെ ഏത് ജില്ലയിലാണ്? – **സോനെപൂർ**
13. പൊങ്കൽ ആഘോഷസമയത്ത് തമിഴ് നാട്ടിൽ സംഘടിപ്പിക്കുന്ന പ്രധാന മത്സരം – **ജെല്ലിക്കെട്ട്**
14. കർണ്ണാടകയിലെ ഹമ്പിയിൽ നടക്കുന്ന പ്രശസ്ത ഉത്സവം – **വിജയനഗർ ഫെസ്റ്റിവൽ**
15. ബത്തുക്കമ്മ ഏത് സംസ്ഥാനത്തിന്റെ പൂക്കളുടെ ഉത്സവമാണ്? – **തെലങ്കാന**
16. ബോനരു സംഗീത കല മേള എവിടെയാണ് നടക്കുന്നത്? – **മാഞ്ചസ്റ്റർ** (Tennessee, USA)
17. ലോക പവിത്ര സംഗീത ഉത്സവമായി കാണുന്ന ഫെസ് ഫെസ്റ്റിവൽ എവിടെയാണ് സംഘടിപ്പിക്കുന്നത്? – **മൊറാക്കൊ**
18. ലോകത്ത് ഏറ്റവും പഴക്കമുള്ള സംഗീത മേളയിലൊന്ന് സ്വിറ്റ്സർലാന്റിൽ ജെനീവ നദിയുടെ തീരത്താണ് സംഘടിപ്പിക്കുന്നത്. ഏതാണ് മേള? – **മോന്ത്രെ ജാസ് ഫെസ്റ്റിവൽ** (Montreux Jazz Festival)



- 'യുദ്ധകാലത്തെ ഓണം' ആരുടെ കവിതയാണ്?
  **ഇടശ്ശേരി**
- "കുട്ടികളെത്തിയ കുറ്റിക്കാട്ടിൽ
  പൊട്ടിവിടർന്നു പൊന്നോണം''
  ഏത് കവിതയാണ് ഇങ്ങനെ ആരംഭിക്കുന്നത്? കവിയാര്? – **വിടരാത്ത ഓണപ്പൂക്കൾ – ഒളപ്പമണ്ണ**
- 'ഓണപ്പാട്ടുകാർ' കവിത ആരുടേതാണ്?
  **വൈലോപ്പിള്ളി ശ്രീധരമേനോൻ**
- അസുരചക്രവർത്തിയായ മഹാബലിയുടെ പിതാവ് – **വീരോചനൻ**
- മഹാബലിയെന്ന വാക്കിന്റെ അർത്ഥമെന്താണ്?
  **വലിയ ത്യാഗം ചെയ്തവൻ**
- ഓണത്തിന്റെ വരവറിയിച്ച് ഓണനാളുകളിൽ വീടുകളിലെത്തുന്ന തെയ്യം – **ഓണപ്പൊട്ടൻ**
- മഹാബലിപ്പുരം എന്ന വിനോദസഞ്ചാരകേന്ദ്രമെവിടെയാണ്? – **തമിഴ്നാട്**
- ഓണത്തുനാട് എന്ന് മുമ്പ് അറിയപ്പെട്ട പ്രദേശമേത്? **– കായംകുളം**
- തമിഴകത്ത് ഓണം ആഘോഷിച്ചതായി പറയുന്ന സംഘകാലകൃതി
  **മധുരൈ കാഞ്ചി**
- ആവണിഓണത്തെപ്പറ്റി പറയുന്ന പ്രാചീനലിഖിതമേത്?
  **സ്ഥാണുരവിശാസനം**
- "ഓണപ്പൂക്കൾ പറിച്ചില്ലേ നീയോണക്കോടിയുടുത്തില്ലേ?
  പൊന്നും ചിങ്ങം വന്നിട്ടും നീ മിന്നും മാലേം കെട്ടീലേ?"
  ആരുടെയാണ് ഈ കാവ്യശകലം?
  **ചങ്ങമ്പുഴ**
- എന്താണു ഇരുപത്തിയെട്ടാം ഓണം?
  **കന്നുകാലികൾക്കുള്ള ഓണം** (ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ പ്രധാന ആഘോഷം)
- കേരളത്തിന്റെ ദേശീയോത്സവമായി ഓണം പ്രഖ്യാപിക്കപ്പെട്ട വർഷം – **1961**
- നെഹ്റു ട്രോഫി വള്ളം കളി നടക്കുന്ന സ്ഥലം – **ആലപ്പുഴ പുന്നമട കായൽ**
- പ്രസിഡന്റ്സ് ട്രോഫി വള്ളംകളി നടക്കുന്ന സ്ഥലം
  **കൊല്ലം അഷ്ടമുടി കായൽ**
- കേരളപ്പിറവി ദിനത്തിൽ നടക്കുന്ന വള്ളംകളി
  **പ്രസിഡന്റ്സ് ട്രോഫി വള്ളം കളി**




19. ഇംഗ്ലണ്ടിലെ വിൽറ്റ്ഷയറിൽ 1980 ൽ സ്ഥാപിച്ച പ്രശസ്ത സംഗീത നൃത്ത കലാ മേള – **വുമാഡ് ഫെസ്റ്റിവൽ** (WOMAD - World of Music, Arts & Dance)
20. അന്താരാഷ്ട്ര സൂഫി ഫെസ്റ്റിവൽ എന്ന അറിയപ്പെട്ടിരുന്ന വേൾഡ് സേക്രഡ് സ്പിരിറ്റ് ഫെസ്റ്റിവൽ എവിടെയാണ് സംഘടിപ്പിക്കുന്നത്? – **ജോധ്പൂർ** (ഇന്ത്യ)
21. ഇന്ത്യയിൽ പല ഭാഗത്തും ടിബറ്റൻ ബുദ്ധിസ്റ്റുകൾ ആഘോഷിക്കുന്ന ഉത്സവം – **ലോസർ ഫെസ്റ്റിവൽ**
22. 12 വർഷത്തിൽ ഒരിക്കൽ കർണ്ണാടകയിലെ ശ്രാവണബെൽഗോളയിൽ നടക്കുന്ന പ്രധാന ജൈന ഉത്സവം **– മഹാമസ്തകാഭിഷേക ഫെസ്റ്റിവൽ**
23. ലോകത്തെ ഏറ്റവും വലിയ ശൈത്യമേള (ഐസ് & സ്നോ) നടക്കുന്നത് ചൈനയിലാണ്. മേളയുടെ പേര്? **– ഹാർബിൻ ഐസ് & സ്നോ ഫെസ്റ്റിവൽ** (Harbin Ice & Snow Festival)
24. ഗിന്നസ് വേൾഡ് റിക്കോർഡ്സ് പ്രകാരം ലോകത്തെ ഏറ്റവും വലിയ കാർണിവൽ – **റിയോ കാർണിവൽ, ബ്രസീൽ**
25. കേരളത്തിലെ പ്രധാന ഉത്സവമായ തെയ്യം തിറയിൽ സ്ത്രീകൾ കെട്ടിയാടുന്ന തെയ്യത്തിന്റെ പേര് – **ദേവക്കൂത്ത് തെയ്യം**
26. കേരളത്തിൽ കല്പാത്തി രഥോത്സവം നടക്കുന്ന ക്ഷേത്രം – **ശ്രീ വിശാലാക്ഷി സമേത ശ്രീ വിശ്വനാഥ സ്വാമി ക്ഷേത്രം, കല്പാത്തി, പാലക്കാട്**
27. ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യ മേള – **ജയ്പൂർ ലിറ്ററേച്ചർ ഫെസ്റ്റിവൽ**
28. ഏഷ്യയിലെ രണ്ടാമത്തെ സാഹിത്യമേളയായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (KLF) ആരുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കുന്നത്? – **ഡി.സി. കിഴക്കേമുറി ഫൗണ്ടേഷൻ**
29. കൃതി അന്താരാഷ്ട്ര പുസ്തകമേള സംഘടിപ്പിക്കുന്നതാര്? – **സാഹിത്യപ്രവർത്തക സഹകരണ സംഘം**
30. ആസാമിന്റെ ദേശീയോത്സവമാണ് ബിഹു. വർഷത്തിൽ മൂന്നു കാലഘട്ടത്തിൽ നടക്കുന്ന ആഘോഷങ്ങളിൽ പ്രധാനപ്പെട്ടതേതാണ്? – **രംഗോലി ബിഹു**
31. ഹരേലി കൊയ്ത്തുത്സവം നടക്കുന്ന സംസ്ഥാനം – **ഛത്തീസ്ഗഡ്**
32. ലോകത്ത് മതപരമായ ആഘോഷത്തിന് ഏറ്റവും കൂടുതൽ ജനങ്ങൾ ഒത്തുകൂടുന്നത് എവിടെയാണ്? – **കുംഭമേള (അലഹാബാദ്)**
33. ഫ്ളമിംഗോ ഫെസ്റ്റിവൽ നടക്കുന്ന സംസ്ഥാനം – **ആന്ധ്രപ്രദേശ്**
34. ലൊസൂങ്ങ് മേള ഏത് സംസ്ഥാനമാണ് പുതുവർഷാഘോഷമായി സംഘടിപ്പിക്കുന്നത്? – **സിക്കിം**

# LGS - 100 പൊതുവിജ്ഞാനങ്ങൾ

1 'ഇന്ത്യൻ ദേശീയതയുടെ പിതാമഹൻ' എന്നറിയപ്പെടുന്നത് -രാജ് നാരായൺ ബോസ്
2 'ഇറ്റാലിയൻ ചാണക്യൻ' എന്നറിയപ്പെടുന്നത് -മാക്യവെല്ലി
3 'ജാട്ട് സമുദായത്തിന്റെ പ്ലേറ്റോ' എന്നറിയപ്പെട്ടത് -സൂരജ്മൽ
4 'പേർഷ്യയിലെ അലക്സാണ്ടർ' എന്നു വിശേഷിപ്പിക്കപ്പെട്ടത് -നാദിർ ഷാ
5 'റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ' എന്ന സംഘടന സ്ഥാപിച്ചത് -വാറൻ ഹേസ്റ്റിങ്സ്
6 'കേരളത്തിലെ അശോകൻ' എന്നു വിശേഷിപ്പിക്കപ്പെട്ടത് -വരഗുണൻ
7 നാട്ടുകാര്യങ്ങളിൽ അഭിപ്രായം പറയും മുമ്പ് ഇന്ത്യ മുഴുവൻ സന്ദർശിക്കാൻ ഗാന്ധിജിയെ ഉപദേശിച്ചതാര്-ഗോപാലകൃഷ്ണ ഗോഖലെ
8 നാലുസ്വാതന്ത്ര്യങ്ങളുടെ വക്താവായ അമേരിക്കൻ പ്രസിഡന്റ് -ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ്
9 പാകിസ്താനിലെ ഏറ്റവും വലിയ നദി-സിന്ധു
10 ഫത്തേബാദ് നഗരത്തിന്റെ സ്ഥാപകൻ -ഫിറോസ് ഷാ തുഗ്ലക്
11 ബംഗ്ലാദേശിന്റെ ദേശീയഗാനമായ അമർ സോനാർ ബംഗ്ല രചിച്ചത്- രബീന്ദ്രനാഥ് ടാഗൂർ



12 ഭരണഘടനാ നിർമാണസഭയുടെ താത്കാലിക അധ്യക്ഷൻ- സച്ചിദാനന്ദ സിൻഹ
13 ഭാരത് മാതാ സൊസൈറ്റി എന്ന വിപ്ലവ സംഘടനയുടെ സ്ഥാപകൻ- അജിത് സിങ്
14 ഭൂമധ്യരേഖ കടന്നു പോകുന്ന ദ്വീപുകളിൽ ഏറ്റവും വിസ്തീർണം കൂടിയത്-ബോർണിയോ
15 ഭൂവൽകത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം - അലുമിനിയം
16 ഭൂവല്കത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം- ഓക്സിജൻ
17 ബ്രിട്ടീഷിന്ത്യയിലെ ആദ്യത്തെ വൈസ്രോയി- കാനിങ് പ്രഭു
18 ബ്രിട്ടീഷ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിൽ തുടർന്ന വൈസ്രോയി- ലിൻലിത്ഗോ പ്രഭു
19 ബ്രിട്ടീഷ് ഇന്ത്യയിലെ ഗവർണർ ജനറൽമാരിൽ ഏറ്റവും കൂടുതൽകാലം പദവി വഹിച്ചത്- വാറൻ ഹേസ്റ്റിംഗ്സ്
20 ക്രിക്കറ്റ് പിച്ചിന്റെ നീളം- 22 വാര
21 ഗ്രാമീണ ബാങ്കുകളുടെ ശില്പി എന്ന് അറിയപ്പെടുന്നതാര്- മുഹമ്മദ് യൂനുസ്
22 1790ൽ ആദ്യമായി സെൻസസ് നടത്തിയ രാജ്യം- യു.എസ്.എ.
23 അന്താരാഷ്ട്ര റെഡ് ക്രോസ് മ്യൂസിയം എവിടെയാണ്-ജനീവ
24 അക്ഷരമാലാക്രമത്തിൽ ആദ്യ അമേരിക്കൻ സംസ്ഥാനം- അലബാമ
25 അമരസിംഹന്റെ പുരസ്കർത്താവ്-ചന്ദ്രഗുപ്ത വിക്രമാദിത്യൻ
26 അക്ബറിന്റെ സൈനിക സമ്പ്രദായം അറിയപ്പെട്ടിരുന്ന പേര്- മൻസബ്ദാരി
27 മഹാഭാരത യുദ്ധത്തിൽ കൗരവരെ ആനപ്പടയുമായി സഹായിച്ച രാജാവ്- ഭഗദത്തൻ
28 മാഹിഷ്മതിയിൽവച്ച് ശങ്കരാചാര്യർ വാദപ്രതിവാദത്തിൽ തോൽപിച്ച മീമാംസകൻ- മണ്ഡനമിശ്രൻ
29 മൃച്ഛകടികം രചിച്ചത്- ശൂദ്രകൻ
30 അറ്റോമിയം എന്ന സ്മാരകം ഏത് രാജ്യത്താണ് - ബെൽജിയം
31 ആൽക്കഹോൾ നിർമാണത്തിൽ ഉപോൽപന്നം-കാർബൺ ഡയോക്സൈഡ്
32 ആരുടെ തൂലികാനാമമായിരുന്നു ബോസ്- ചാൾസ് ഡിക്കൻസ്



33 ആഷസ് ക്രിക്കറ്റ് മത്സരം ഏതൊക്കെ രാജ്യങ്ങൾ തമ്മിലാണ്- ഇംഗ്ലണ്ടും ഓസ്ട്രേലിയയും
34 ആഷാമേനോൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്- കെ.ശ്രീകുമാർ
35 യൂറി ഗഗാറിൻ ആദ്യമായി ബഹിരാകാശസഞ്ചാരം നടത്തിയ വാഹനം- വോസ്റ്റോക്-1 (1961 ഏപ്രിൽ 12)
36 യൂറോപ്യരാൽ കോളനിവൽക്കരിക്കപ്പെടാത്ത ഏക തെക്കുകിഴക്കനേഷ്യൻ രാജ്യം - തായ്‌ലൻഡ്
37 ആദ്യ മലയാളി വനിതാ ഐ.എ.എസ്. ഓഫീസർ -അന്നാ രാജം ജോർജ്
38 ആദ്യമായി ഒളിമ്പിക് നാളം ഏതു വർഷമാണ് തെളിയിച്ചത്- 1928 (ആംസ്റ്റർഡാം)
39 ആദ്യത്തെ മിസ് യൂണിവേഴ്സ്- അർമി കുസേല (ഫിൻലൻഡ്)
40 ദക്ഷിണേന്ത്യയുടെ അരിക്കിണ്ണം എന്നറിയപ്പെടുന്നത്- കൃഷ്ണാ-ഗോദാവരി ഡെൽറ്റ
41 ആദ്യത്തെ ശീതകാല ഒളിമ്പിക്സിനു വേദിയായ ഫ്രഞ്ചു നഗരം- ചമോണിക്സ് (1924)
42 ആദ്യത്തെ കൃത്രിമ നാര്- റയോൺ
43 ആദ്യത്തെ പേഷ്വാ ഭരണാധികാരി- ബാലാജി വിശ്വനാഥ് (1713-20)
44 ആദ്യം ആഗ്രയിലെ ആരാംബാഗിൽ സംസ്കരിക്കപ്പെടുകയും പിന്നീട് കാബൂളിലേക്ക് ഭൗതികാവശിഷ്ടം മാറ്റപ്പെടുകയും ചെയ്ത മുഗൾ ചക്രവർത്തി -ബാബർ
45 ഇന്ത്യ ആദ്യമായി അണുവിസ്ഫോടനം നടത്തിയ സ്ഥലം- പൊഖ്രാൻ
46 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യസമ്മേളനത്തിന്റെ വേദി- മുംബെയിലെ ഗോകുൽദാസ് തേജ്പാൽ സംസ്കൃത കോളേജ്
47 ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ വന്ദേമാതരം ആദ്യമായി ആലപിക്കപ്പെട്ട വർഷം- 1896
48 ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നത് -രാജാറാം മോഹൻ റോയി
49 ഇന്ത്യൻ തത്ത്വചിന്തയുടെ അടിസ്ഥാനം എന്നറിയപ്പെടുന്നത്- ഉപനിഷത്തുകൾ
50 ഇന്ത്യയിൽ ബജറ്റ് സമ്പ്രദായം നടപ്പാക്കിയത് ഏത് വൈസ്രോയിയുടെ കാലത്ത്- കാനിങ് പ്രഭു
51 ഇന്ത്യയിൽ മിക്സഡ് കോളനി സംവിധാനം ആവിഷ്കരിച്ച പോർച്ചുഗീസ് ഗവർണർ- അൽബുക്കർക്ക്
52 ഇന്ത്യയിൽ ആദ്യമായി സ്വർണനാണയം പുറപ്പെടുവിച്ചത്- ഇന്തോ-ഗ്രീക്കുകാർ
53 ഇന്ത്യയിൽ എഞ്ചിനീയേഴ്സ് ദിനമായി ആചരിക്കുന്നത്- സെപ്തംബർ 15
54 ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വിദേശഭാഷ- ഇംഗ്ലീഷ്
55 ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചണം ഉൽപാദിപ്പിക്കുന്ന സംസ്ഥാനം- പശ്ചിമ ബംഗാൾ
56 ഇന്ത്യയിൽ ഏറ്റവും കൂടുതൽ പേർക്കു തൊഴിൽ നൽകുന്ന വ്യവസായം- ടെക്സ്റ്റൈൽസ്
57 ഇന്ത്യയിൽ ഏറ്റവും കൂടുതൽ മേജർ തുറമുഖങ്ങളുള്ള സംസ്ഥാനമാണ് തമിഴ്നാട്. ഏതൊക്കെയാണവ-ചെന്നൈ, തൂത്തുക്കുടി,എണ്ണൂർ
58 ഇന്ത്യയിൽ ഏതു നഗരത്തിലാണ് സെല്ലുലാർ ഫോൺ സർവീസ് ആരംഭിച്ചത് - കൊൽക്കത്ത
59 ഇന്ത്യയിൽ കടൽമാർഗം വന്ന ആദ്യത്തെ വിദേശികൾ- അറബികൾ
60 ഇന്ത്യയിൽ ഗവർണർ ജനറലായവരിൽ ഏറ്റവും പ്രായം കുറഞ്ഞത്- ഡൽഹൗസി
61 ഇന്ത്യയിൽ സ്റ്റോക്ക് എക്സ്ചേഞ്ചുകളെ നിയന്ത്രിക്കുന്ന സ്ഥാപനം- സെബി (സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ)
62 ഇന്ത്യയിൽ കോളനിഭരണം പരിപൂർണമായി അവസാനിച്ച വർഷം- 1961
63 ഇന്ത്യയിൽ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനാവശ്യമായ കുറഞ്ഞ പ്രായം- 18
64 ഇന്ത്യയിൽ തിയോസഫിക്കൽ സൊസൈറ്റിയുടെ ആസ്ഥാനമായിരുന്നത്- അഡയാർ
65 ഇന്ത്യയിൽ തീരപ്രദേശത്തുള്ള ഏറ്റവും വലിയ തടാകം- ചിൽക്ക



66 ഇന്ത്യയിൽനിന്നുമുള്ളവർക്ക് മിസ് യൂണിവേഴ്സ്, മിസ് വേൾഡ് പട്ടങ്ങൾ ഒരുമിച്ച് ലഭിച്ച വർഷം- 1994
67 ഇന്ത്യയിലാദ്യമായി പഞ്ചായത്ത് രാജ് നടപ്പാക്കിയ സംസ്ഥാനം- രാജസ്ഥാൻ(1959)
68 ഇന്ത്യയിലെ ആദ്യത്തെ ഫീച്ചർ ഫിലിം - രാജാ ഹരിശ്ചന്ദ്ര
69 ഇന്ത്യയിലെ ആദ്യത്തെ എണ്ണക്കിണർ-അസമിലെ ദിഗ്ബോയി
70 ഇന്ത്യാചരിത്രത്തിൽ ആന്ധ്രജാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന രാജവംശം- ശതവാഹന
71 രാജീവ് ഗാന്ധി വധത്തിനു പിന്നിലെ സുരക്ഷാ പാളിച്ചയെക്കുറിച്ച് അന്വേഷിച്ചത് -ജയിൻ കമ്മീഷൻ
72 രാജ്യസഭാംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട മലയാള കവി-ജി.ശങ്കരക്കുറുപ്പ്
73 ഉത്തര കേരളത്തിലെ പാടുന്ന പടവാൾ എന്നറിയപ്പെട്ടത്- സുബ്രമണ്യൻ തിരുമുമ്പ്
74 ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ/ ക്ഷണമേഴുന്നേൽപിൻ അനീതിയോടെതിർപ്പിൻ-ഏത് പത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു- അഭിനവകേരളം
75 റഷ്യൻ വിപ്ലവം നടന്ന വർഷം- 1917
76 റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മോണിട്ടറി മ്യൂസിയം എവിടെയാണ്- മുംബൈ
77 റബ്ബറിന്റെ വൾക്കനൈസേഷൻ കണ്ടുപിടിച്ചത്- ചാൾസ് ഗുഡ് ഇയർ
78 റുപ്യ എന്ന പേരിൽ നാണയം ആരുടെ ഭരണകാലത്താണ് പുറപ്പെടുവിച്ചത്- ഷേർഷാ
79 ഉജിനി തണ്ണീർത്തടം ഏതു സംസ്ഥാനത്താണ്- മഹാരാഷ്ട്ര
80 റുഡ്യാർഡ് കിപ്ലിങിന്റെ ജംഗിൾ ബുക്കിന്റെ പശ്ചാത്തലം- കൻഹ വനം
81 റൂസ്സോ, വോൾട്ടയർ, മോണ്ടസ്ക്യൂ എന്നിവർ ഏതു വിപ്ലവത്തെയാണ് സ്വാധീനിച്ചത്- ഫ്രഞ്ചുവിപ്ലവം
82 റഷ്മോർ മലനിരയിൽ ഏതൊക്കെ അമേരിക്കൻ പ്രസിഡന്റുമാരുടെ മുഖം കൊത്തിവച്ചിട്ടുണ്ട്- വാഷിങ്ടൺ, തോമസ് ജെഫേഴ്സൺ, റൂസ്‌വെൽറ്റ്, ലിങ്കൺ



83 ഉദ്യാനവിരുന്ന് രചിച്ചത്-പണ്ഡിറ്റ് കറുപ്പൻ
84 ലണ്ടനിൽ നിയമബിരുദം നേടിയ കേരളത്തിലെ സാമൂഹിക പരിഷ്കർത്താവ്-കെ.പി.കേശവമേനോൻ
85 ലങ്കാമർദനം രചിച്ചത്- പണ്ഡിറ്റ് കറുപ്പൻ
86 ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ- ഗ്വാളിയോർ
87 എ.ബി.സി രാജ്യങ്ങൾ എന്നറിയപ്പെടുന്നത്- അർജന്റീന, ബ്രസീൽ, ചിലി
88 ലിറ്റിൽ ഇന്ത്യ എന്നു വിളിക്കുന്നത് ഏതിനെയാണ്- വില്ലേജ്
89 ലിറ്റിൽ സിൽവർ എന്നറിയപ്പെടുന്നത്-പ്ലാറ്റിനം
90 ലിറ്റിൽ കോർപ്പറൽ എന്നറിയപ്പെട്ടത്- നെപ്പോളിയൻ
91 ലിയാനാർഡോ ഡാവിഞ്ചി വിമാനത്താവളം എവിടെയാണ്- റോം
92 ലീലാതിലകം രചിച്ചത്- ഡോ.ആഞ്ചലോസ് ഫ്രാൻസിസ്
93 ലൂഥറനിസം പിറവികൊണ്ട വൻകര - യൂറോപ്പ്
94 ഋഗ്വേദത്തിൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ടിരിക്കുന്ന നദി- സിന്ധു
95 ഋഗ്വേദത്തിലെ ശ്ലോകങ്ങളുടെ എണ്ണം- 1028
96 ഋഗ്വേദകാലത്ത് ജലത്തിന്റെ അധിദേവനായി കണക്കാക്കപ്പെട്ടത്- വരുണൻ
97 എ ഹിസ്റ്ററി ഓഫ് ഇംഗ്ലീഷ് സ്പീക്കിംഗ് പീപ്പിൾ രചിച്ചതാര്-സർ വിൻസ്റ്റൺ ചർച്ചിൽ
98 എ നേഷൻ ഇൻ മേക്കിംഗ് എന്ന പുസ്തകം (1925) രചിച്ചതാര് -സുരേന്ദ്രനാഥ് ബാനർജി
99 എ.ബി.വാജ്പേയി ജനിച്ച സ്ഥലം- ഗ്വാളിയോർ
100 ലക്ഷ്യം മാർഗത്തെ സാധൂകരിക്കും എന്നു പറഞ്ഞത്- മാക്കിയവെല്ലി






# മത്സരപരീക്ഷ ഇടനാഴി

# പൂക്കളുടെ ശാസ്ത്രം

ബി സുരേഷ്

ഓണക്കാലം പലവർണ്ണങ്ങളിലും രൂപത്തിലുമുള്ള മനോഹരങ്ങളായ പൂക്കളുടെയും കൂടി കാലമാണല്ലോ. ഓണക്കാലത്തെ ആഹ്ലാദകരമാക്കാൻ ചെടികളിൽ നിന്നുള്ള പൂക്കളും വിളകളും വഹിക്കുന്ന പങ്ക് വളരെയധികമാണ്. ഇത്തവണ പൂക്കളെക്കുറിച്ചുള്ള ചില കാര്യങ്ങൾ ചർച്ച ചെയ്യാം.

ഉയർന്നതരം ചെടികൾ ലൈംഗിക പ്രജനനത്തിന്റെ ഭാഗമായി ഉണ്ടാക്കുന്ന പ്രത്യേക ശാഖകളാണ് ശാസ്ത്രപരമായി പൂക്കൾ. എല്ലാ ചെടികളും പ്രകൃതിയിൽ പൂക്കൾ ഉണ്ടാക്കുന്നില്ല. പൂക്കൾ ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ ചെടികളെ അപുഷ്പികൾ എന്നും സപുഷ്പികൾ എന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഇതിൽ താഴ്ന്ന ഇനത്തിൽപ്പെട്ട, ഥാലോഫൈറ്റ, ബയോഫൈറ്റ, ടെറിഡോഫൈറ്റ എന്നിവയാണ് അപുഷ്പികൾ (Cryptogams) എന്നറിയപ്പെടുന്നത്. ഉയർന്ന ഇനത്തിൽപ്പെട്ട നഗ്നബീജ പത്ര സസ്യങ്ങ (Gymnosperms)ളും ആവൃതബീജപാത പത്ര സസ്യങ്ങ(Angiosperms)ളും ആണ് സപുഷ്പികൾ അഥവാ Phanerogams ഇനത്തിൽ ഉൾപ്പെടുന്നവ. ഇതിൽ യഥാർഥ അർഥത്തിലുള്ള പൂക്കൾ ഉണ്ടാക്കുന്നത് ഇന്ന് പ്രകൃതിയിൽ ഏറ്റവും അധികം കാണപ്പെടുന്നതും പരിണാമശ്രേണിയിൽ ഏറ്റവും ആധുനികമായതായി കണക്കാക്കപ്പെടുന്നതും ആയ ആവൃത ബീജപത്ര സസ്യങ്ങളാണ്.




**The structure of a typical Flower**

സാധാരണയായി ഒരു പൂവിൽ Receptacle എന്നു വിളിക്കുന്ന ഒരു അക്ഷം ഉണ്ട്. ഇതിനു ചുറ്റിലുമായി പല വൃത്തങ്ങ(whorls)ളിലായി പുഷ്പാതങ്ങൾ ക്രമീകരിച്ചിരിക്കുന്നു. സാധാരണയായി ഒരു പൂവിൽ പുറമെ നിന്നുനോക്കുന്ന മുറയ്ക്ക് Calyx, Corolla, Androecium, Gynoecium എന്നിങ്ങനെ നാല് പുഷ്പദലവൃത്തങ്ങൾ (Floral leaf whorls) ആണുള്ളത്. പൂവ് മൊട്ടായിരിക്കുമ്പോൾ പൊതിഞ്ഞു സംരക്ഷിക്കുന്ന ഏറ്റവും പുറമെയുള്ള Calyx വലയത്തിന്റെ ഓരോ യൂണിറ്റിനെയും Sepals (വിദളങ്ങൾ) എന്ന് വിളിക്കുന്നു. തൊട്ടുള്ളിലാണ് ഒരു പൂവിലെ ഏറ്റവും വലുതും വിവിധ വർണ വൈവിധ്യങ്ങൾ കാണിക്കുന്നതും പൂവിന്റെ മനോഹരിതയ്ക്കു കാരണമായതുമായ Corolla കാണുന്നത്. ഇതിന്റെ പിരിവുകളെ ദളങ്ങൾ (Petals) എന്ന് വിളിക്കുന്നു. ഒരു പൂവിന് മണം കൊടുക്കുന്ന വസ്തു അടങ്ങിയിരിക്കുന്നത് ദളങ്ങളിലാണ്. ഒരു പൂവിൽ Calyxനെയും Corollaയെയും തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ പൊതുവായി അവയെ Perianth എന്നാണ് വിളിക്കുന്നത്. Calyx, Corolla എന്നിവ ഒരു പുഷ്പത്തിന്റെ പ്രത്യുല്പാദനത്തിൽ നേരിട്ട് പങ്ക് വഹിക്കാത്തതിനാൽ അവയെ Non essential or Acessory whorls ആയാണ് കണക്കാക്കുന്നത്. തൊട്ടുള്ളിലാണ് ആൺ ലൈംഗികവലയമായ കേസരപുടം (Androecium) കാണുന്നത്. ഇവ നിർമിച്ചിരിക്കുന്നത്, Stamens കൊണ്ടാണ്. അവയിലെ antherനുള്ളിലാണ് Microspices ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഏറ്റവും ഉള്ളിലായി കാണുന്നതാണ് പെൺ ലൈംഗിക വലയമായ ജനിപുടം (Gynoecium) ഇവയിൽ സംയോജിച്ചിരിക്കുന്നതോ ഒറ്റയ്ക്ക് നിൽക്കുന്നതോ ആയ carpels കാണാം. ഇവയ്ക്കുള്ളിലാണ് Megaspores നിർമ്മിക്കപ്പെടുന്നത്.



ചില ചെടികൾ വലിയ പുഷ്പങ്ങൾ ഉണ്ടാക്കുമ്പോൾ (ഉദാ: താമര, ആമ്പൽ, ചെമ്പരത്തി) ചില ചെടികളിൽ വളരെ ചെറിയ പൂക്കളാണ് കാണപ്പെടുന്നത് (ഉദാ. പുൽ വർഗത്തിലെ ചെടികൾ). പ്രകൃതിയിൽ ഏറ്റവും വലിയ പുഷ്പം (ഒരു മീറ്റർ വ്യാസം) ഉണ്ടാക്കുന്നത് Rafflesia arnoldi എന്ന സസ്യമാണ്. Wolffia എന്ന സസ്യമാണ് 1 mm വലിപ്പമുള്ള ഏറ്റവും ചെറിയ പൂവിന്റെ ഉടമ. ആറടിയോളം ഉയരമുള്ള ഏറ്റവും ഉയരം കൂടിയ പൂക്കളുണ്ടാകുന്നത് ചേനചെടി (Amorphophallus)യിലാണ്.

ചില ചെടികൾ ജീവിതകാലത്ത് ഒരു തവണ മാത്രം പൂക്കളുണ്ടാക്കുന്നവയാണ്. Microcarpic Plants എന്ന് വിളിപ്പേരുള്ളവയ്ക്ക് മുള, ചേന, വാഴ തുടങ്ങിയ സസ്യങ്ങൾ ഉദാഹരണങ്ങളാണ്. എന്നാൽ കുറെ വർഷം ജീവിക്കുകയും ഓരോ വർഷവും പുഷ്പിക്കുകയും ഫലമുണ്ടാക്കുകയും ചെയ്യുന്ന ചെടികളെ Polycarpic Plants എന്നു വിവക്ഷിക്കുന്നു. മാവ്, പ്ലാവ്, തെങ്ങ്, കവുങ്ങ്, അയണി, കൊന്ന എന്നീ ധാരാളം ചെടികൾ ഈ ഗണത്തിൽപ്പെടുന്നു. എന്നാൽ 12 വർഷം കൂടുമ്പോൾ മാത്രം പൂക്കളുണ്ടാക്കുന്ന പ്രത്യേക ചെടികളാണ് നീലകുറിഞ്ഞി.



പൂക്കളിൽ പരാഗണം നടക്കുമ്പോഴാണ് അവയിലെ സ്ത്രീ ലൈംഗിക അവയവം വളർന്ന് ഫലവും അതിനുള്ളിൽ വിത്തും ഉണ്ടാകുന്നത്. ഇപ്രകാരം ജന്തുക്കളാൽ പരാഗണം നടത്താൻ അവയെ ആകർഷിക്കാനാണ് പൂക്കൾ വിവിധ വർണങ്ങളുള്ള ഭാഗങ്ങളും അവയിൽ മധുവും (Nectar) ഉൽപ്പാദിപ്പിക്കുന്നത്. തേനീച്ചകളുടെ പ്രധാന ആഹാരം മധുവും പൂമ്പൊടിയുമാണെന്ന് ഓർക്കുക. രാത്രി വിരിയുന്ന പൂക്കൾക്ക് പരാഗകാരികളെ ആകർഷിക്കാൻ വെള്ള നിറമായിരിക്കും. വലിയ പൂക്കൾ ഒറ്റയ്ക്ക് നിലകൊണ്ടാണ് പരാഗകാരികളെ ആകർഷിക്കുന്നതെങ്കിൽ ചെറിയ പൂക്കൾ പ്രത്യേക രീതിയിൽ സജ്ജീകരിക്കപ്പെട്ട കുലകളായി മാറിയാണ് ആകർഷകങ്ങളാകുന്നത്. ചെറിയ പൂക്കളുടെ ഈ ഗ്രൂപ്പുകളെ inflorescence എന്ന് വിളിക്കുന്നു. പുൽവർഗത്തിലെ ചെടികൾ, ചീരചെടി, മാവ്, പ്ലാവ്, കൈതച്ചക്ക, തൊട്ടാവാടി, കൊന്ന, അന്തൂറിയം തുടങ്ങിവയിലെല്ലാം ഇത്തരം Inflorescence കാണാവുന്നതാണ്. സൂര്യകാന്തി ചെടിയിൽ ഉണ്ടാകുന്നത് ഒരു പൂവാണെന്ന് തോന്നും. സൂക്ഷ്മമായി നിരീക്ഷിച്ചാൽ ധാരാളം ചെറിയ പൂക്കൾ ഒരു വലിയ പൂവിന്റെ രൂപത്തിൽ സജ്ജീകരിക്കപ്പെട്ട Inflorescence ആണ് അതെന്ന് കാണാം.



ചെടികളിൽ ഒരു പൂവ് വിരിയുന്ന പ്രക്രിയയെ Anthesis എന്നാണ് വിളിക്കുന്നത്. പൂക്കളെ പറ്റിയുള്ള പഠനശാഖയ്ക്ക് Anthology എന്നാണ് വിളിപ്പേര്. ഏറ്റവും ചെറിയ വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നത് ഓർക്കിഡ് പുഷ്പങ്ങളാണ്.

ശാസ്ത്രീയമായി പൂന്തോട്ടങ്ങൾ നിർമിക്കുന്നതിൽ സൗന്ദര്യ ചെടികൾ (ornamental plants) ക്കൊപ്പം മനോഹരങ്ങളായ പൂക്കൾക്കും പ്രത്യേക സ്ഥാനമുണ്ട്. അലങ്കാരപുഷ്പങ്ങൾ വളർത്തി അവ വിൽക്കുന്നത് ഇന്നൊരു തൊഴിലാണ്. റോസ്, ആന്തൂറിയം, ഡയാന്തസ്, ജമന്തി, ഓർക്കിഡുകൾ തുടങ്ങിയ പുഷ്പങ്ങൾക്ക് മാർക്കറ്റിൽ ഉയർന്ന വിലയാണുള്ളത്. അനുമോദനത്തിനുള്ള മാല, ബൊക്കെ എന്നിവയുടെ നിർമാണം, ചടങ്ങുകൾക്കും മീറ്റിംഗുകൾക്കുമുള്ള പുഷ്പാലങ്കാരങ്ങൾ, പൂജകൾ എന്നുവേണ്ട മരണാനന്തര ബഹുമാനം പ്രകടിപ്പിക്കുന്നതിനു വരെ നാം പൂക്കളെ ഉപയോഗിക്കുന്നു. പ്രകൃതി അതിന്റെ കരവിരുതു കൊണ്ട് വിവിധ ചെടികളിൽ വിവിധ രൂപത്തിലും വലിപ്പത്തിലുമുള്ള പൂക്കളെ കൃത്യമായ അളവുകോലിൽ കമ്പ്യൂട്ടർ കളർ മിക്സിങ്ങിനെപ്പോലും വെല്ലുന്ന വർണ്ണക്കൂട്ടുകൾ ഉപയോഗിച്ച് നിർമിച്ചിരിക്കുന്നത് അതിശയിപ്പിക്കുന്ന ഒരു വസ്തുതയാണ്. ഇനി മുതൽ നമുക്ക് പ്രകൃതിയുടെ ഈ അത്ഭുത നിർമിതിയെ നിരീക്ഷിക്കാം സ്നേഹിക്കാം സംരക്ഷിക്കാം.

| Sl No | Nation | National Flower |
|---|---|---|
| 1 | Italy | Lilly |
| 2 | France | Lily |
| 3 | Canada | Maple |
| 4 | America | Golden rose |
| 5 | Scotland | Tribulus |
| 6 | Iran | Red Rose |
| 7 | Romania | Tulip |
| 8 | Hungary | Tulip |
| 9 | Poland | Cornflower |
| 10 | Germany | Cornflower |
| 11 | England | Rose |
| 12 | Egypt | Lotus |
| 13 | India | Lotus |

# പൊതുവിജ്ഞാനം

**സമാഹരണം: രാജേഷ്കുമാർ.എസ്**

1. വ്യക്തികളുമായി ബന്ധപ്പെട്ട് ചുവടെ തന്നിരിക്കുന്ന വിശേഷണങ്ങളിൽ ശരിയായത് ഏതെല്ലാം?
   1. അഭയ് സാധക് - ബാബാ ആംതേ
   2. ദീന ബന്ധു - സി എഫ് ആൻഡ്രൂസ്
   3. ദേശബന്ധു - സി ആർ ദാസ്
   4. ലിറ്റിൽ മാസ്റ്റർ - സച്ചിൻ ടെൻഡുൽക്കർ

   (എ) 1, 2, 3 എന്നിവ (ബി) 2, 3, 4 എന്നിവ
   (സി) 1, 3, 4 എന്നിവ (ഡി) 1, 2, 3, 4 എന്നിവ
2. "പരീക്ഷിക്കപ്പെടാത്ത ജീവിതത്തിന് വിലയുണ്ടാവില്ല" ആരുടെ വാക്കുകളാണിത്?
   (എ) ഗാന്ധിജി (ബി) സോക്രട്ടീസ്
   (സി) നെപ്പോളിയൻ (ഡി) എബ്രഹാം ലിങ്കൻ
3. ചുവടെപ്പറയുന്ന ആദിവാസി വിഭാഗങ്ങൾ, അവർ കൂടുതലായി കാണപ്പെടുന്ന സംസ്ഥാനം എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക.
   എ. ഗദ്ദീസ് — 1. ഹിമാചൽപ്രദേശ്
   ബി. ലെപ്ച്ച — 2. സിക്കിം
   സി. ലുഷായ് — 3. മിസ്സോറാം
   ഡി. വാർലിസ് — 4. മഹാരാഷ്ട്ര
   (എ) എ-2 ബി-1, സി-3, ഡി-4
   (ബി) എ-1, ബി-2, സി-4, ഡി-3
   (സി) എ-4 ബി-3, സി-2, ഡി-1
   (ഡി) എ-1, ബി-2, സി-3, ഡി-4
4. തമിഴ്നാട്ടിലെ അറിയപ്പെടുന്ന പട്ടണമായ 'മധുരൈ' സ്ഥിതിചെയ്യുന്നത് ഏത് നദീതീരത്താണ്?
   (എ) കാവേരി (ബി) താമ്രപർണി
   (സി) വൈഗ (ഡി) യമുന
5. ചുവടെപ്പറയുന്നവയിൽ ഇന്ത്യയെ കൂടാതെ ഏതെല്ലാം രാജ്യങ്ങളിലെ ദേശീയ മൃഗമാണ് കടുവ?
   (എ) ബംഗ്ലാദേശ്, സിംഗപ്പൂർ
   (ബി) വിയറ്റ്നാം, ദക്ഷിണ കൊറിയ
   (സി) ബംഗ്ലാദേശ്, ഇറ്റലി
   (ഡി) ബംഗ്ലാദേശ്, ദക്ഷിണ കൊറിയ
6. ഏത് രാജ്യത്തിന്റെ രഹസ്യാന്വേഷണ ഏജൻസിയാണ് 'മിനിസ്ട്രി ഓഫ് സ്റ്റേറ്റ് സെക്യൂരിറ്റി' എന്ന പേരിൽ അറിയപ്പെടുന്നത്?
   (എ) പാകിസ്ഥാൻ (ബി) ഇറാൻ
   (സി) ചൈന (ഡി) ബ്രിട്ടൻ
7. ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര മണ്ണ് വർഷമായി ആചരിച്ച വർഷം ഏതാണ്?
   (എ) 2013 (ബി) 2014
   (സി) 2015 (ഡി) 2017
8. വ്യത്യസ്ത രീതിയിലുള്ള നെറ്റ്‌വർക്കുകൾ പരസ്പരം ബന്ധിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഉപകരണം ഏതാണ്?
   (എ) ബ്രിഡ്ജ് (ബി) ഗേറ്റ്‌വേ
   (സി) റൂട്ടർ (ഡി) റിപ്പീറ്റർ
9. ഇ-മെയിൽ സന്ദേശം അയക്കാൻ സഹായിക്കുന്ന പ്രോട്ടോക്കോളാണ് SMTP. ആയതിന്റെ പൂർണ്ണ രൂപം എന്താണ്?
   (എ) Single Mail Transfer Protocol
   (ബി) Short Message Transfer Protocol
   (സി) Simple Mail Transfer Protocol
   (ഡി) Single Mail Transmit Protocol
10. രാജ്യത്തിന്റെ ഏകത, പരമാധികാരം, സുരക്ഷ ഇവയ്ക്കെതിരെ സൈബർ സങ്കേതങ്ങളിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾ അറിയപ്പെടുന്നത്?
    (എ) സൈബർ ടെററിസം (ബി) സൈബർ സ്ക്വാട്ടിംഗ്
    (സി) സൈബർ ഹാക്കിംഗ് (ഡി) സൈബർ അറ്റാക്ക്
11. ഇന്ത്യയിലെ ആദ്യ സൈബർ ഫോറൻസിക് ലബോറട്ടറി സ്ഥിതിചെയ്യുന്നത്
    (എ) ത്രിപുര (ബി) ചെന്നൈ
    (സി) ബാംഗ്ലൂർ (ഡി) തിരുവനന്തപുരം
12. ഒരു കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുമ്പോൾ ആദ്യം പ്രവർത്തനക്ഷമമാകുന്നത് ഏതാണ്?
    (എ) ഓപ്പറേറ്റിംഗ് സിസ്റ്റം
    (ബി) യൂട്ടിലിറ്റി സോഫ്റ്റ്‌വെയർ
    (സി) ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ
    (ഡി) സിസ്റ്റം സോഫ്റ്റ്‌വെയർ
13. ചുവടെപ്പറയുന്നവയിൽ ഏത് തലമുറയിൽപ്പെടുന്ന കമ്പ്യൂട്ടറുകളിലാണ് ഇന്റഗ്രേറ്റഡ് സർക്യൂട്ട് (IC) സാങ്കേതിക വിദ്യയുടെ ഉപയോഗം നിലവിൽവന്നത്?
    (എ) 2-ാം ജനറേഷൻ (ബി) 3-ാം ജനറേഷൻ
    (സി) 4-ാം ജനറേഷൻ (ഡി) 5-ാം ജനറേഷൻ
14. ചുവടെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാമാണ്?
    1. ചേരി ചേരാ പ്രസ്ഥാനം (Non Aligned Movement) എന്ന ആശയം ആദ്യമായി പ്രചരിപ്പിച്ചത് വി കെ കൃഷ്ണമേനോനാണ്.
    2. ചേരി ചേരാ പ്രസ്ഥാനത്തിന് രൂപം നൽകിയത് ജവഹർലാൽ നെഹ്റു, ഗമാൽ അബ്ദുൽ നാസർ, മാർഷൽ ടിറ്റോ എന്നീ നേതാക്കളാണ്.
    3. ചേരി ചേരാ പ്രസ്ഥാനം രൂപവൽക്കരിക്കാൻ തീരുമാനിച്ചത് 1955ലെ ബന്ദുങ് സമ്മേളനത്തിലാണ്.
    4. ചേരി ചേരാ പ്രസ്ഥാനത്തിന്റെ ആദ്യ സമ്മേളനം നടന്നത് 1961ൽ യൂഗോസ്ലാവിയയുടെ തലസ്ഥാനമായിരുന്ന ബൽഗ്രേഡിൽവെച്ചാണ്.

    (എ) 2, 3, 4 എന്നിവ മാത്രം (ബി) 1, 2, 3 എന്നിവ മാത്രം
    (സി) 1, 3, 4 എന്നിവമാത്രം (ഡി) 1, 2, 3, 4 എന്നിവ മാത്രം
15. യുനെസ്കോ എക്സലൻസ് അവാർഡ് ലഭിച്ച കേരളത്തിലെ ക്ഷേത്രം ചുവടെപ്പറയുന്നവയിൽ ഏതാണ്?



    (എ) വടക്കുംനാഥ ക്ഷേത്രം
    (ബി) പത്മനാഭസ്വാമി ക്ഷേത്രം
    (സി) ഗുരുവായൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം
    (ഡി) തിരുവമ്പാടി ശ്രീകൃഷ്ണ ക്ഷേത്രം
16. 'സ്പെഷ്യൽ ഡ്രോയിംഗ് റൈറ്റ്സ്' (SDR) എന്നറിയപ്പെടുന്നത് എന്താണ്?
    (എ) ലോകബാങ്കിന്റെ കറൻസി
    (ബി) റിസർവ് ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള കരുതൽ മൂലധനത്തിൽനിന്നും പ്രത്യേക സാഹചര്യങ്ങളിൽ ബാങ്കുകൾക്ക് പണം പിൻവലിക്കാനുള്ള അധികാരം
    (സി) അന്താരാഷ്ട്ര നാണയ നിധിയുടെ (IMF) കറൻസി
    (ഡി) കരുതൽ മൂലധനത്തിൽനിന്നും പണം പിൻവലിക്കാനുള്ള റിസർവ്ബാങ്കിന്റെ അധികാരം
17. മൗ മൗ ലഹള നടന്ന രാജ്യം ഏതാണ്?
    (എ) കെനിയ (ബി) ലിബിയ
    (സി) ലൈബീരിയ (ഡി) നൈജീരിയ
18. 'ലോങ് വാക്ക് ടു ഫ്രീഡം'- ആരുടെ ആത്മകഥയാണ്?
    (എ) മാർട്ടിൻ ലൂഥർ കിങ് (ബി) ഇറോം ഷർമിള
    (സി) നെൽസൻ മണ്ടേല (ഡി) സൽമാൻ റുഷ്ദി
മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 23.08.2017 തീയതിയിൽ നിലവിൽ വന്ന 579/12 കാറ്റഗറി നമ്പർ പ്രകാരമുള്ള റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 29/05/19 കാറ്റഗറി നമ്പർ 077/19) പുറപ്പെടുവിച്ചിട്ടും അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**കുറിപ്പ്:** 17/10/2012 തീയതിയിലെ G.O (P) No.61/12/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചലന വൈകല്യമുള്ളവർ /സെറിബ്രൽ പാൾസി ബാധിച്ചവർ, ഭാഗികമായോ പൂർണമായോ കാഴ്ച ശക്തി ഇല്ലാത്തവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ തസ്തികയിലേക്ക് അപേക്ഷിക്കാൻ യോഗ്യരാണ് .

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം [വിശ്വകർമ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.]

**കുറിപ്പ് :** മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 22 – 43. ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ, പൊതു വ്യവസ്ഥ ഖണ്ഡിക 2 (I) ലെ ഇളവ് ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ** : 1 അൻപത് ശതമാന (50%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2 യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്** i ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

ii മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

## കാറ്റഗറി നമ്പർ : 79/2020
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക്
## കോളേജ് വിദ്യാഭ്യാസം
### ഏഴാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക്
**3 ശമ്പളം** : യു.ജി.സി. നിരക്കിൽ
**4 ഒഴിവുകളുടെ എണ്ണം** : പട്ടികജാതി (എസ്.സി) 2 (രണ്ട് )

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.12.2009 തീയതിയിൽ നിലവിൽ വന്ന 462/07 കാറ്റഗറി നമ്പർ പ്രകാരമുള്ള റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പട്ടികജാതി സംവരണവിഭാഗത്തിനു നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ പട്ടിക ജാതി ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 12/09/13 കാറ്റഗറി നമ്പർ 310/13), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 26/12/14 കാറ്റഗറി നമ്പർ 593/14), മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 29/12/15 കാറ്റഗറി നമ്പർ 562/15), നാലാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 30/12/16 കാറ്റഗറി നമ്പർ 473/16), അഞ്ചാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 30/08/17 കാറ്റഗറി നമ്പർ 350/17), ആറാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 10/04/19 കാറ്റഗറി നമ്പർ 27/19) എന്നിവ പുറപ്പെടുവിച്ചിട്ടും അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള ഏഴാം എൻ.സി.എ വിജ്ഞാപനമാണിത്.

**കുറിപ്പ്:** 17/10/2012 തീയതിയിലെ G.O (P) No.61/12/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചലന വൈകല്യമുള്ളവർ / സെറിബ്രൽ പാൾസി ബാധിച്ചവർ, ഭാഗികമായോ പൂർണമായോ കാഴ്ച ശക്തി ഇല്ലാത്തവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ തസ്തികയിലേക്ക് അപേക്ഷിക്കാൻ യോഗ്യരാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം [പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.] എന്നാൽ പട്ടികജാതിക്കാരുടെ അഭാവത്തിൽ പട്ടിക വർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**കുറിപ്പ്** : മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 22–45. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ** : 1 അൻപത് ശതമാന (50%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2 യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്** : i ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

ii. മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

## കാറ്റഗറി നമ്പർ : 80/2020
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക്
## കോളേജ് വിദ്യാഭ്യാസം
### ഒൻപതാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക്
**3 ശമ്പളം** : യു.ജി.സി. നിരക്കിൽ
**4 ഒഴിവുകളുടെ എണ്ണം** : പട്ടികവർഗ്ഗം (എസ് .ടി) 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.12.2009 തീയതിയിൽ നിലവിൽ വന്ന 462/07 കാറ്റഗറി നമ്പർ പ്രകാരമുള്ള റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പട്ടിക വർഗ്ഗ സംവരണവിഭാഗത്തിനു നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്കുള്ള തെരഞ്ഞെടുപ്പി

നായി ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31/12/10 കാറ്റഗറി നമ്പർ 491/10), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 28/12/11 കാറ്റഗറി നമ്പർ 461/11), മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 30/04/13 കാറ്റഗറി നമ്പർ 108/13), നാലാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 12/08/14 കാറ്റഗറി നമ്പർ 361/14), അഞ്ചാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 29/12/15 കാറ്റഗറി നമ്പർ 563/15), ആറാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 30/12/16 കാറ്റഗറി നമ്പർ 474/16), ഏഴാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31/10/17 കാറ്റഗറി നമ്പർ 424/17), എട്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 29/05/19 കാറ്റഗറി നമ്പർ 073/19) എന്നിവ പുറപ്പെടുവിച്ചിട്ടും അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള ഒൻപതാം എൻ.സി.എ വിജ്ഞാപനമാണിത്.

**കുറിപ്പ്:** 17/10/2012 തീയതിയിലെ G.O (P) No.61/12/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചലന വൈകല്യമുള്ളവർ / സെറിബ്രൽ പാൾസി ബാധിച്ചവർ, ഭാഗികമായോ പൂർണമായോ കാഴ്ച ശക്തി ഇല്ലാത്തവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ തസ്തികയിലേക്ക് അപേക്ഷിക്കാൻ യോഗ്യരാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം [പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.] എന്നാൽ പട്ടികവർഗ്ഗക്കാരുടെ അഭാവത്തിൽ പട്ടിക ജാതിക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**കുറിപ്പ്** : മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 22 – 45. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2(i) ഒഴികെ ).

**7. യോഗ്യതകൾ** : 1 അൻപത് ശതമാന (50%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2 യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്** : i ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

ii മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

## കാറ്റഗറി നമ്പർ : 81/2020
## വെറ്ററിനറി സർജൻ ഗ്രേഡ് II
## മൃഗസംരക്ഷണം
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | മൃഗസംരക്ഷണം |
| **2. ഉദ്യോഗപ്പേര്** | : | വെറ്ററിനറി സർജൻ ഗ്രേഡ് II |
| **3. ശമ്പളം** | : | ₹ 39500 – 83000/- |
| **4. ഒഴിവുകളുടെ എണ്ണം** | : | 13 (പതിമൂന്ന്) പട്ടികവർഗ്ഗവിഭാഗം |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 12.08.2015 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ348/12, ഗസറ്റ് തീയതി 16.07.2012) കാലയളവിൽ പട്ടികവർഗ്ഗ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. കാറ്റഗറി നമ്പർ 256/16 ആയി 30.08.2016 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ പ്രകാരവും കാറ്റഗറി നമ്പർ 31/2019 ആയി 10.04.2019 ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച രണ്ടാംഎൻ.സി.എ പ്രകാരവും യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന മൂന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികവർഗ്ഗസമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** 1. മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

2. GO(P)No.61/2012/SWD Dt.17.10.2012 പ്രകാരം Locomotor Disabiltiy/ Cerebral Palsy വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാരെ മാത്രമേ മൃഗസംരക്ഷണവകുപ്പിലെ വെറ്ററിനറി സർജൻ തസ്തികയിലെ നിയമനത്തിന് യോഗ്യരായി കണ്ടെത്തിയിട്ടുള്ളു. ആയതിനാൽ Blindness/Low vision, Hearing Impairment എന്നീ വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാർ ഈ തസ്തികയിലെ തെരഞ്ഞെടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

**6 പ്രായം** : 18–44 ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ. (വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ)

**യോഗ്യതകൾ**

1) വെറ്ററനറി സയൻസിൽ ബിരുദം

2) 1984ലെ ഇൻഡ്യൻ വെറ്ററിനറി കൌൺസിൽ ആക്ടിന് (സെൻട്രൽ ആക്ട് 52,1984)അനുസൃതമായി കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

3) മലയാള ഭാഷ കൈകാര്യം ചെയ്യാനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.

**കുറിപ്പ്:** 1. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്,1958 പാർട്ട് 2 റൂൾ 10 ലെ ക്ലോസ് (എഎഎഎ) അനുസരിച്ച് മലയാളം ലാംഗ്വേജ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥയിൽ സംസ്ഥാനത്തിലെ ഭാഷാന്യൂനപക്ഷങ്ങൾക്ക് മൂന്നാമത്തെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്.

2. ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷയിലുള്ള പരിജ്ഞാനം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കമ്മീഷൻ പരിശോധിക്കുന്നതായിരിക്കും.

**ട്രെയിനിംഗ്** 1. വെറ്ററിനറി സർജനായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിനുള്ളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. പ്രൊബേഷൻ കാലയളവ് കണക്കാക്കുന്നതിന് ട്രെയിനിംഗ് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.

2. മൃഗസംരക്ഷണവകുപ്പിൽ ലൈവ് സ്റ്റോക്ക് അസിസ്റ്റന്റായി 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളവർക്കും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ആർമിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവർക്കും ട്രെയിനിംഗിനെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.

3. കേരള കാർഷിക സർവ്വകലാശാലയോ മറ്റേതെങ്കിലും കാർഷിക സർവ്വകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി ആൻറ് എ.എച്ച് കോഴ്സ് പാസ്സായവരെ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 82/2020
## വെറ്ററിനറി സർജൻ ഗ്രേഡ് II
## മൃഗസംരക്ഷണം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| **1 വകുപ്പ്** | : | മൃഗസംരക്ഷണം |
| **2 ഉദ്യോഗപ്പേര്** | : | വെറ്ററിനറി സർജൻ ഗ്രേഡ് II |
| **3 ശമ്പളം** | : | ₹ 39500–83000/- |
| **4 ഒഴിവുകളുടെ എണ്ണം** | : | 01(ഒന്ന്)എസ്.സി.സി.സി (ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 14.12.2017തീയതിയിൽ നിലവിൽവന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ: 279/16 ഗസറ്റ് തീയതി 29.09.2016) കാലയളവിൽ എസ്.സി.സി.സി (ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ) ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

[എസ്.സി.സി.സി (ക്രിസ്തുമതത്തിലെക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ) സംവരണ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം.]

**കുറിപ്പ്:** 1. മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

2. GO(P) No. 61/2012/SWD Dt.17.10.2012 പ്രകാരം Locomotor Dsabiltiy Cerebral Pasly വിഭാഗത്തിൽപെടുന്ന ഭിന്നശേഷിക്കാരെ മാത്രമേ മൃഗസംരക്ഷണവകുപ്പിലെ വെറ്ററിനറി സർജൻ തസ്തികയിലെ നിയമനത്തിന് യോഗ്യരായി കണ്ടെത്തിയിട്ടുള്ളൂ. ആയതിനാൽ Blindness/Low vision , Hearing Impairment എന്നീ വിഭാഗത്തിൻപെടുന്ന ഭിന്നശേഷിക്കാർ ഈ തസ്തികയിലെ തെരഞ്ഞെടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

**6. പ്രായം** : 18–42; ഉദ്യോഗാർത്ഥികൾ 02/01/1978നും 01–01–2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ] വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക്പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക2(i) ഒഴികെ.

**കുറിപ്പ്:** പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 44 വയസ്സുവരെ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1976 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ** : 1. വെറ്ററിനറി സയൻസിൽ ബിരുദം.

2. 1984 ലെ ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ ആക്ടിന് (സെൻട്രൽ ആക്ട് 52, 1984) അനുസൃതമായി കേരള സംസ്ഥാന വെറ്ററിനറി കൌൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

3. മലയാള ഭാഷ കൈകാര്യം ചെയ്യാനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.

**കുറിപ്പ്** :1. 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, പാർട്ട് II റൂൾ ലെ ക്ലോസ് (എഎഎഎ) അനുസരിച്ച് മലയാളം ലാംഗ്വേജ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥയിൽ സംസ്ഥാനത്തിലെ ഭാഷാ ന്യൂന പക്ഷങ്ങൾക്ക് മൂന്നാമത്തെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്.

2. മലയാള ഭാഷയിലുള്ള പരിജ്ഞാനം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കമ്മിഷൻ പരിശോധിക്കുന്നതായിരിക്കും.

**ട്രെയിനിംഗ്** 1.വെറ്ററിനറി സർജനായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിനുള്ളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. പ്രബേഷൻ കാലയളവ് കണക്കാക്കുന്നതിന് ട്രെയിനിംഗ് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് അസിസ്റ്റന്റ് ആയി 5 വർഷത്തിൻ കുറയാത്ത സർവ്വീസ് ഉള്ളവർക്കും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ആർമിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവർക്കും ട്രെയിനിംഗിനെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.

3. കേരള കാർഷിക സർവകലാശാലയോ മറ്റേതെങ്കിലും കാർഷിക സർവകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി ആന്റ് എ. എച്ച് കോഴ്സ് പാസ്സായവരെ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 83/2020
## ലക്ചറർ ഇൻ വയലിൻ
## കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)
## രണ്ടാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| 1. വകുപ്പ് | : | കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ) |
| 2. ഉദ്യോഗപ്പേര് | : | ലക്ചറർ ഇൻ വയലിൻ |
| 3. ശമ്പളം | : | ₹ 36,600 – 79,200/- |
| 4. ഒഴിവുകളുടെ എണ്ണം | : | മുസ്ലീം/മാപ്പിള(1) ഒന്ന് |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 11.05.2017ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 29.05.2019തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 079/2019 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം/മാപ്പിള സമുദായത്തിൽപെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 22–39 ഉദ്യോഗാർത്ഥികൾ 02/01/1981നും 01/01/1998നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥയിലെ ഖണ്ഡിക 2(i) ഉൾപ്പടെ-]

*വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക(ഖണ്ഡിക 2(i) ഒഴികെയുള്ളവ).

**7. യോഗ്യതകൾ** : ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി യൂണിവേഴ്സിറ്റിയിൽ നിന്നോ/യു.ജി.സി അംഗീകരിച്ചിട്ടുള്ള യൂണിവേഴ്സിറ്റികൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നോ വയലിനിൽ നേടിയിട്ടുള്ള ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** 2). 1991 സെപ്തംബർ 19നു മുൻപ് PhD നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് നേടിയാൽ മതിയാകും.

3). തുല്യ യോഗ്യതയുള്ളവരിൽ ബിരുദ തലത്തിലോ, ബിരുദാനന്തര ബിരുദതലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

6). 17.10.2012 തീയതിയിലെ G.O(p)No.61/2012/SWD നമ്പർ സർക്കാർ ഉത്തരവുപ്രകാരം ശ്രവണ വൈകല്യമുള്ള ഭിന്നശേഷിവിഭാഗങ്ങൾ ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

## കാറ്റഗറി നമ്പർ : 84/2020
## ലക്ചറർ ഇൻ വീണ
## കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)
## രണ്ടാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ) |
| **2. ഉദ്യോഗപ്പേര്** | : | ലക്ചറർ ഇൻ വീണ |
| **3. ശമ്പളം** | : | ₹ 36,600 – 79,200/ |
| **4. ഒഴിവുകളുടെ എണ്ണം** | : | ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇൻഡ്യൻ 2(രണ്ട്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 04.04.2017ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 210/2015) കാലയളവിൽ പ്രസ്തുത സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 10.04.2019തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 035/2019 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ലാറ്റിൻ കാത്തലിക്/

ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽപെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 22–39 ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/1998 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ).
പൊതു വ്യവസ്ഥകളിൾ ഖണ്ഡിക 2(i) ഉൾപ്പെടെ
*വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക(ഖണ്ഡിക 2(i) ഒഴികെയുള്ളവ).

**7. യോഗ്യതകൾ** : ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി യൂണിവേഴ്സിറ്റിയിൽ നിന്നോ/യു.ജി.സി അംഗീകരിച്ചിട്ടുള്ള യൂണിവേഴ്സിറ്റികൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നോ വീണയിൽ നേടിയിട്ടുള്ള ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്** : 2).1991 സെപ്തംബർ 19നകം PhD നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് നേടിയാൽ മതിയാകും.

3).തുല്യ യോഗ്യതയുള്ളവരിൽ ബിരുദ തലത്തിലോ, ബിരുദാനന്തര ബിരുദതലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

6).17.10.2012 തീയതിയിലെ G.O(p)No.61/2012/sw1 നമ്പർ സർക്കാർ ഉത്തരവിൽ ശ്രവണ വൈകല്യമുള്ള ഭിന്നശേഷിവിഭാഗങ്ങൾ ഈ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അനുയോജ്യരായി സർക്കാർ കണ്ടെത്തിയിട്ടില്ലാത്തതിനാൽ ടി ഭിന്നശേഷിവിഭാഗങ്ങൾ ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

## കാറ്റഗറി നമ്പർ : 85/2020 – 88/2020
## ഡിവിഷണൽ അക്കൗണ്ടന്റ്
## കേരള ജനറൽ സർവ്വീസ്
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കേരള ജനറൽ സർവ്വീസ്
**2. ഉദ്യോഗപ്പേര്** : ഡിവിഷണൽ അക്കൗണ്ടന്റ്
**3. ശമ്പളം** : ₹ 35,700–75600/–
**4. ഒഴിവുകളുടെ എണ്ണം :**

| ക്രമ നം. | കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | 85/2020 | ഈഴവ | 03 (മൂന്ന്) |
| 2 | 86/2020 | മുസ്ലീം | 03 (മൂന്ന്) |
| 3 | 87/2020 | ഒ.ബി.സി | 01 (ഒന്ന്) |
| 4 | 88/2020 | പട്ടികജാതി | 01 (ഒന്ന്) |

**കുറിപ്പ്:** (1) മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിനു വേണ്ടിയും തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.01.2019ന് നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽ സൂചിപ്പിച്ച ഓരോ സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
(മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.) (എന്നാൽ പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ അപേക്ഷയും പരിഗണിക്കുന്നതാണ്.)

**കുറിപ്പ്:** (1) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് പ്രത്യേകമായി നിരസന മെമ്മോ അയയ്ക്കുന്നതല്ല.

**കുറിപ്പ്:** (2) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രാഥമിക തെരഞ്ഞെടുപ്പ് പരീക്ഷ (The Initial Recruitment Examination for Divisional Accountants) എന്ന യോഗ്യതാ നിർണ്ണയ മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം നടത്തുന്നത്.

**6 പ്രായം** : (a) മറ്റ് പിന്നാക്ക സമുദായങ്ങൾക്ക് 18–39. അപേക്ഷകർ 02.01.1981 നും 01.01.2002നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ.)
(b) പട്ടികജാതിക്കാർ: 18–41. അപേക്ഷകർ 02.01.1979 നും 01.01.2002 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ.)
(വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക.)

**7 യോഗ്യതകളും നിബന്ധനകളും:** സെക്കന്റ് ക്ലാസിൽ കുറയാതെയുള്ള ഒരു സർവ്വകലാശാല ബിരുദം.

**കുറിപ്പ്:** 1) പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സർവ്വകലാശാല ബിരുദം മതിയാകും.

**8. പരീക്ഷ:** ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുന്നത്. എഴുത്തു പരീക്ഷയിൽ വിജയിക്കുന്നതിന് ആവശ്യമായ കുറഞ്ഞ മാർക്കും പരീക്ഷയുടെ വിഷയങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

| Sl. No | Subjects | Maximum Marks | Minimum Marks required for a pass | Percentage |
|---|---|---|---|---|
| I | General Knowledge Precis and General English | 150 | 60 | 40 |
| II | Elementary Book Keeping | 150 | 60 | 40 |
| III | Arithmetic and mensuration (Elementary but practical) | 200 | 100 | 50 |
| | **Total** | **500** | **220** | |

**കുറിപ്പ്:** (a)പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾ ജയിക്കുന്നതിന് ഒന്നും രണ്ടും പേപ്പറുകൾക്ക് കുറഞ്ഞത് 30 ശതമാനവും മൂന്നാം പേപ്പറിന് കുറഞ്ഞത് 35 ശതമാനവും മാർക്ക് വാങ്ങിയിരിക്കേണ്ടതാണ്.
(b)ഓരോ പേപ്പറിനും അനുവദിച്ചിട്ടുള്ള പരമാവധി സമയം 3 (മൂന്ന്) മണിക്കൂറാണ്.
(c)പരീക്ഷാതീയതിയും പരീക്ഷയെ സംബന്ധിക്കുന്ന മറ്റ് വിവരങ്ങളും പിന്നാലെ അറിയിക്കുന്നതാണ്.
(d) ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ഒരു ഉദ്യോഗാർത്ഥിയേയും മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ മത്സരപരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.ഇത് സംബന്ധിച്ച് താഴെപ്പറയുന്ന സാക്ഷ്യപത്രം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

### DECLARATION

I hereby declare that I have not already appeared for the Initial Recruitment Examination for selection to the post of Divisional Accountant in the Kerala General Service more than thrice. This is the first/second/third time, I am applying for the above examination. (tSrike off whichever is not applicable.)

Station: Signature and
Date : Name of the candidate

**9. പരീക്ഷയുടെ വിഷയങ്ങൾ:**
(1) General Knowledge:- ലളിതവും, വ്യക്തവുമായ ഇംഗ്ലീഷിൽ എഴുതുന്നതിനുള്ള ഉദ്യോഗാർത്ഥിയുടെ കഴിവ് പരിശോധിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പേപ്പർ. ഇതിൽ പൊതുവിജ്ഞാനം, ചുരുക്കെഴുത്ത് (Precis) ജനറൽ ഇംഗ്ലീഷ് എന്നിവയിൽ നിന്നുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
(2)Elementary Book Keeping: ഈ വിഷയത്തിൽ പേപ്പർ തികച്ചും എലിമെന്ററി (പ്രാഥമിക)സ്വഭാവത്തിലുള്ളതായിരിക്കും. ആർതർ ഫീൽഡ് ഹൗസിന്റെ 'സ്റ്റുഡൻസ് കംപ്ലീറ്റ് കൊമേഴ്സ്യൽ ബുക്ക് കീപ്പിംഗ് അക്കൗണ്ടൻസി ആന്റ് ബാങ്കിംഗ്' എന്ന ബുക്കാണ് ഈ വിഷയത്തിൽ ടെക്സ്റ്റ് ബുക്കായി നിശ്ചയിച്ചിരിക്കുന്നത്. ("The Students Complete Commercial Book Keeping, Accountancy and Banking" by Arthur Fieldhouse).
ആർ. എൻ. കാർട്ടറുടെ 'അഡ്വാൻസ്ഡ് അക്കൗണ്ട്സ്' (ലേറ്റസ്റ്റ് എഡിഷൻ) എന്ന ബുക്കിലെ താഴെപ്പറയുന്ന അദ്ധ്യായങ്ങളെക്കുറിച്ചുകൂടി ഉദ്യോഗാർത്ഥികൾക്ക് അറിവുണ്ടായിരിക്കണം. ഈ അദ്ധ്യായങ്ങളും ആർതർ ഫീൽഡ് ഹൗസിന്റെ ബുക്കിലെ അദ്ധ്യായങ്ങളും ഒരേ വിഭാഗത്തിൽപ്പെട്ടവയാണെങ്കിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നത് കാർട്ടറുടെ ബുക്കിനെ ആധാരമാക്കിയായിരിക്കും.

അദ്ധ്യായം 1 I - Book Keeping up to Trial Balance
അദ്ധ്യായം 2 II - Trading and Profit & Loss Accounts and Balance Sheet.
അദ്ധ്യായം 5 V - Depreciation, Sinking Fund, Reserves, Reserve Funds, Secret Reserve.
അദ്ധ്യായം 6 VI - Bills of Exchange, Promissory Notes, Cheques.
അദ്ധ്യായം 7 VII - Portions relating to voyage Account.
അദ്ധ്യായം 9 IX - Self Balancing Ledgers.
അദ്ധ്യായം 10 X - Capital and Revenue, Revenue Account, Receipts and Payments Accounts, Income and Expenditure Account.
അദ്ധ്യായം 16 XVI - Manufacturing and working Accounts and Cost Book Mining Company.
അദ്ധ്യായം 17 XVII - Cost Accounts
അദ്ധ്യായം 18 XVIII- Double Account System.

**കുറിപ്പ് :** ആർ.എൻ. കാർട്ടറുടെ തുടർന്നുള്ള പതിപ്പുകളിൽ മുകളിൽ പറഞ്ഞിരിക്കുന്ന അദ്ധ്യായങ്ങൾക്ക് എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കിൽ ഉദ്യോഗാർത്ഥികൾ മറ്റുള്ള പതിപ്പുകളിലെ അദ്ധ്യായങ്ങൾ കൂടി വായിച്ചിരിക്കേണ്ടതാണ്.
(3)Arithmetic and Mensuration:- മെട്രിക്കുലേഷൻ അഥവാ എസ്.എസ്.എൽ.സി. നിലവാരത്തിലുള്ളത് Pier Point രചിച്ച 'Mensuration for Indian Schools and Colleges Part I' എന്ന പുസ്തകമാണ് ഉദ്യോഗാർത്ഥികൾക്ക് ഈ വിഷയത്തിലുള്ള നിലവാര നിർണ്ണയത്തിനായി നിശ്ചയിച്ചിട്ടുള്ളത്.

**കുറിപ്പ്:** ഇതൊരു മത്സര പരീക്ഷയാണ്. അതിനാൽ ഉദ്യോഗാർത്ഥികൾ എല്ലാ വിഷയങ്ങളുടേയും പരീക്ഷ എഴുതേണ്ടതാണ്.

**10. നിയമനാധികാരിയും പ്രൊബേഷനും പരിശീലനവും:**
ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള നിയമനാധികാരി ഗവൺമെന്റ് ഫിനാൻസ് സെക്രട്ടറിയായിരിക്കും. ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്കു് നിയമിക്കപ്പെടുന്ന ആൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 12 മാസക്കാലം ഒരു പ്രായോഗിക പരിശീലനത്തിന് നിയോഗിക്കപ്പെടുന്നതാണ്. മേൽപ്പറഞ്ഞ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നത് മുതൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും. പരിശീലന കാലത്ത് ഒരു ട്രെയിനിക്ക് ഗവൺമെന്റ് സമയാസമയങ്ങളിൽ നിശ്ചയിക്കുന്ന തുക അലവൻസായി ലഭിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 89/2020
## കെയർടേക്കർ (വനിത)
## വനിതാ ശിശു വികസന വകുപ്പ്
## നാലാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വനിതാ ശിശു വികസന വകുപ്പ്
**2. ഉദ്യോഗപ്പേര്** : കെയർടേക്കർ (വനിത)
**3. ശമ്പളം** : ₹ 20,000–45,800/
**4. ഒഴിവുകളുടെ എണ്ണം** : പട്ടികവർഗ്ഗം – 01 (ഒന്ന്)

മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 04.06.2014 തീയതിയിൽ നിലവിൽവന്ന 322/14/SSIV നമ്പർ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽ പരാമർശിച്ചിട്ടുള്ള സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. കാറ്റഗറി നം.733/14 ആയി 31.12.2014ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനപ്രകാരവും കാറ്റഗറി നം.176/16 ആയി 30.06.2016ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച രണ്ടാം എൻ.സി.എ വിജ്ഞാപനപ്രകാരവും കാറ്റഗറി നം.615/17ആയി 29.12.2017ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച മൂന്നാം എൻ.സി.എ വിജ്ഞാപനപ്രകാരവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന നാലാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം)
പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്.

**കുറിപ്പ്:** പട്ടികവർഗ്ഗ/ പട്ടികജാതി സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–41, ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ). (പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** : I.(1). പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കുകയും സാമൂഹ്യ നീതി വകുപ്പിന്റെ അധീനതയിലുള്ള കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടുകൂടിയ ഏതെങ്കിലും ചൈൽഡ് കെയർ സ്ഥാപനത്തിൽ നിന്ന് കെയർഗിവർ തസ്തികയിൽ നേടിയിട്ടുള്ള ഒരു വർഷത്തെ പരിചയം ഉണ്ടായിരിക്കുകയും വേണം.
(2). ദൃഢമായ ശരീരഘടന ഉണ്ടായിരിക്കണം.

**കുറിപ്പ്:** 1. (I) ടി തസ്തികയിൽ നേരിട്ടോ സ്ഥാനക്കയറ്റം മുഖേനയോ നിയമിക്കപ്പെടുന്നവർ, സാമൂഹ്യക്ഷേമ ഡയറക്ടറുടെ വിശദമായ കാര്യപരിപാടിപ്രകാരം നിയമിക്കപ്പെടുന്ന ജില്ലയിലെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലും മൂന്നുമാസക്കാലയളവിലെ ഇൻസർവ്വീസ് പരിശീലനത്തിന് വിധേയമാകേണ്ടതാണ്.
(ii) പരിശീലന കാലയളവ് എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിക്കുന്നതായിരിക്കും.
2. ഈ തസ്തികയിൽ തെരെഞ്ഞെടുക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിൽ ആയിരിക്കും.
3.(I) ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ മേധാവിയുടെ ഒപ്പോടുകൂടി ഇതിലെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
(II)അപേക്ഷയിൽ പരിചയം രേഖപ്പെടുത്തേണ്ട കോളത്തിൽ ജോലിചെയ്തിരുന്ന സ്ഥാപനത്തിന്റെ പേരും ജോലിയുടെ കാലയളവും രേഖപ്പെടുത്തേണ്ടതാണ്.
(III)സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പരിചയ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ജില്ല സാമൂഹ്യക്ഷേമ ഓഫീസർമാരെ കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.
പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക
(സാമൂഹ്യനീതി വകുപ്പിന്റെ അധീനതയിലുള്ള കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടുകൂടിയ ഏതെങ്കിലും അംഗീകൃത ചൈൽഡ് കെയർ ഇൻസ്റ്റിറ്റ്യൂഷനിൽ നിന്ന് ലഭിച്ച കെയർഗിവർ (Caregiver) ആയുള്ള പരിചയ സർട്ടിഫിക്കറ്റ്.)
**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 90/2020
## ജൂനിയർ സിസ്റ്റംസ് ഓഫീസർ
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

**1 സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : ജൂനിയർ സിസ്റ്റംസ് ഓഫീസർ
**3 ശമ്പളം** : ₹ 18810 – 37970 /
**4 ഒഴിവുകളുടെ എണ്ണം** : എൻ.സി.എ ഒഴിവ്
ഈഴവ/തിയ്യ/ബില്ലവ 1

**1) കുറിപ്പ്** : മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുളളതാണ്. മേൽപ്പറഞ്ഞ ഒഴിവ് കാറ്റഗറി നമ്പർ 85/2016 പ്രകാരം വിജ്ഞാപനം ചെയ്ത 25.03.2019 ൽ നിലവിൽ വന്ന, ടി തസ്തികയുടെ സൊസൈറ്റി വിഭാഗത്തിന്റെ റാങ്ക് ലിസ്റ്റിൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽ പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് മേൽപ്പറഞ്ഞ തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ മേൽപ്പറഞ്ഞ സമുദായത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെയോ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ, ഏതാണോ ആദ്യം, ആ തീയതി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

3) കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

(മെമ്പർ സൊസൈറ്റി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കെസിഎംഎംഫ് ലിമിറ്റഡിന്റെ മൂന്ന് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ ആണ്)

**കുറിപ്പ്:** മേൽ സൂചിപ്പിച്ച സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ** : 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) ബി.സി.എ /മാത്തമാറ്റിക്സ് / കോമേഴ്സ് / ഫിസിക്സ് /സ്റ്റാറ്റിസ്റ്റിക്സ് എന്നിവയിലേതെങ്കിലും വിഷയത്തിലുള്ള ബിരുദവും കമ്പ്യൂട്ടർ ആപ്ലിക്കേഷൻ /കമ്പ്യൂട്ടർ സയൻസ്/ടെക്നോളജിയിലുള്ള ഡിപ്ലോമയും/ എം.സി.എ

**കുറിപ്പ് :** 4) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ )ൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11 പൊതു വ്യവസ്ഥകളിലെ 2, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 91/2020
## മാർക്കറ്റിംഗ് ഓർഗനൈസർ
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

**1 സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : മാർക്കറ്റിംഗ് ഓർഗനൈസർ
**3 ശമ്പളം** : ₹ 6520 – 11745 (PR)
**4 ഒഴിവുകളുടെ എണ്ണം**: എൻ.സി.എ ഒഴിവ്
പട്ടികജാതി 1

**കുറിപ്പ്** : 1) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുളളതാണ്. മേൽപ്പറഞ്ഞ ഒഴിവ് കാറ്റഗറി നമ്പർ 048/2013 പ്രകാരം വിജ്ഞാപനം ചെയ്ത 18.05.2017 ൽ നിലവിൽ വന്ന, ടി തസ്തികയുടെ സൊസൈറ്റി വിഭാഗത്തിലുള്ള റാങ്ക് ലിസ്റ്റിൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്.

2) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

3) കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ പട്ടികജാതി സമുദായത്തിലെ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

(മെമ്പർ സൊസൈറ്റി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കെസിഎംഎംഫ് ലിമിറ്റഡിന്റെ മൂന്ന് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ ആണ്)

**6 പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ:** 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബി.കോം / ബി.ബി.എ. / ബി.ബി.എം/ബി. എസ് സി(കോഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിലെ ബിരുദം.

**കുറിപ്പ് :** 2) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ.

സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(മെമ്പർ സൊസൈറ്റി അഥവാ, കെസിഎംഎംഫ് ലിമിറ്റഡിന്റെ മൂന്ന് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് മാത്രമാണ് മേൽതസ്തികയിലേക്ക് അപേക്ഷിക്കാൻ അർഹതയുള്ളത്.)

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11 പൊതു വ്യവസ്ഥകളിലെ 2, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

# എസ്.എസ്.എൽ.സി. വരെ യോഗ്യതയുള്ള പ്രാഥമിക പരീക്ഷയുടെ സിലബസ്

## GENERAL KNOWLEDGE CURRENT AFFAIRS AND RENAISSANCE IN KERALA

1. ശാസ്ത്ര സാങ്കേതിക മേഖല, കലാ സാംസ്കാരിക മേഖല, രാഷ്ട്രീയ, സാമ്പത്തിക സാഹിത്യ മേഖല, കായിക മേഖല ഇവയുമായി ബന്ധപ്പെട്ട ഇന്ത്യയിലേയും പ്രത്യേകിച്ച് കേരളത്തിലേയും സമകാലീന സംഭവങ്ങൾ.
(10 മാർക്ക്)
2. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ അതിർത്തികളും അതിരുകളും ഊർജ്ജ മേഖലയിലേയും ഗതാഗത വാർത്താവിനിമയ മേഖലയിലേയും പുരോഗതി, പ്രധാന വ്യവസായങ്ങൾ എന്നിവയെ സംബന്ധിച്ച പ്രാഥമിക അറിവ്.
(10 മാർക്ക്)
3. ഇന്ത്യയുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട രാഷ്ട്രീയവും സാമൂഹികവും, സാംസ്കാരികവുമായി ബന്ധപ്പെട്ട മുന്നേറ്റങ്ങൾ, ദേശീയ പ്രസ്ഥാനങ്ങൾ, സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികൾ തുടങ്ങിയവ.
(10 മാർക്ക്)
4. ഒരു പൗരന്റെ അവകാശങ്ങളും കടമകളും, ഇന്ത്യയുടെ ദേശീയ ചിഹ്നങ്ങൾ, ദേശീയ പതാക, ദേശീയഗീതം, ദേശീയ ഗാനം തുടങ്ങിയ അടിസ്ഥാന വിവരങ്ങളും മനുഷ്യാവകാശ കമ്മീഷൻ, വിവരാവകാശ കമ്മീഷനുകൾ എന്നിവയെ സംബന്ധിച്ച അറിവുകളും.
(10 മാർക്ക്)
5. കേരളത്തിന്റെ അടിസ്ഥാന വിവരങ്ങൾ, നദികളും കായലുകളും, വിവിധ വൈദ്യുത പദ്ധതികൾ, വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും, മത്സ്യബന്ധനം, കായികരംഗം തുടങ്ങിയവയെക്കുറിച്ചുള്ള അറിവ്.
(10 മാർക്ക്)
6. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായ മുന്നേറ്റങ്ങളും അതിനുപിന്നിൽ പ്രവർത്തിച്ചവരും, കേരളത്തിലെ സാമൂഹ്യ പരിഷ്കരണവും അയ്യൻകാളി, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, പണ്ഡിറ്റ് കറുപ്പൻ, വി ടി ഭട്ടതിരിപ്പാട്, കുമാരഗുരു, മന്നത്ത് പത്മനാഭൻ തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കളും.
(10 മാർക്ക്)

## SIMPLE ARITHMETIC AND MENTAL ABILITY

1. **ലഘു ഗണിതം** (10 മാർക്ക്)
   i) സംഖ്യകളും അടിസ്ഥാന ക്രിയകളും
   ii) ലസാഗു, ഉസാഘ
   iii) ഭിന്ന സംഖ്യകൾ
   iv) ദശാംസ സംഖ്യകൾ
   v) വർഗ്ഗവും വർഗ്ഗമൂലവും
   vi) ശരാശരി
   vii) ലാഭവും നഷ്ടവും
   viii) സമയവും ദൂരവും

2. **മാനസികശേഷിയും നിരീക്ഷണപാടവ പരിശോധനയും** (10 മാർക്ക്)
   i) ഗണിത ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള ക്രിയകൾ
   ii) ശ്രേണികൾ
   iii) സമാനബന്ധങ്ങൾ
   iv) തരംതിരിക്കൽ
   v) അർത്ഥവത്തായ രീതിയിൽ പദങ്ങളുടെ ക്രമീകരണം
   vi) ഒറ്റയാനെ കണ്ടെത്തൽ
   vii) വയസ്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
   viii) സ്ഥാന നിർണ്ണയം

## GENERAL SCIENCE

**Physical Science** (10 മാർക്ക്)
i) ആറ്റവും ആറ്റത്തിന്റെ ഘടനയും
ii) അയിരുകളും ധാതുക്കളും
iii) മൂലകങ്ങളും അവയുടെ വർഗ്ഗീകരണവും
iv) ഹൈഡ്രജനും ഓക്സിജനും
v) രസതന്ത്രം ദൈനംദിന ജീവിതത്തിൽ
vi) ദ്രവ്യവും പിണ്ഡവും
vii) പ്രവൃത്തിയും ശക്തിയും
viii) ഊർജ്ജവും അതിന്റെ പരിവർത്തനവും
ix) താപവും ഊഷ്മാവും
x) പ്രകൃതിയിലെ ചലനങ്ങളും ബലങ്ങളും
xi) ശബ്ദവും പ്രകാശവും
xii) സൗരയൂഥവും സവിശേഷതകളും

**Natural Science** (10 മാർക്ക്)
i) മനുഷ്യ ശരീരത്തെക്കുറിച്ചുള്ള പൊതു അറിവ്
ii) ജീവകങ്ങളും അപര്യാപ്തതാ രോഗങ്ങളും
iii) രോഗങ്ങളും രോഗകാരികളും
iv) കേരളത്തിലെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ
v) കേരളത്തിലെ പ്രധാന ഭക്ഷ്യ, കാർഷിക വിളകൾ
vi) കാർഷിക ഗവേഷണ കേന്ദ്രങ്ങൾ
vii) വനങ്ങളും വനവിഭവങ്ങളും
viii) പരിസ്ഥിതിയും പരിസ്ഥിതി പ്രശ്നങ്ങളും



ഡോ. ഡി മായ

# ഓണം: ഐതിഹ്യവും ചരിത്രവും

ചിങ്ങമാസത്തിൽ അത്തം നാൾ മുതൽ പത്ത് ദിവസം നീണ്ടു നിൽക്കുന്നതും തിരുവോണ ദിവസം പരമകാഷ്ഠയിലെത്തുന്നതുമായ ഒരു ആഘോഷം എന്നതാണ് ഓണത്തെക്കുറിച്ചുള്ള പൊതുസമ്മതമായ നിർവചനം. കേരളത്തിന്റെ ദേശീയോത്സവമായി ആഘോഷിച്ചു വരുന്ന  ഓണം ലോകത്തെവിടെയായാലും ഓരോ മലയാളിയുടെയും മനസ്സിൽ ഗൃഹാതുരത്വം ഉയർത്തുന്ന ഓർമ കൂടിയാണ്. കൊയ്ത്തു കഴിഞ്ഞ് നിറഞ്ഞ പത്തായങ്ങളുടെയും കാർഷിക സമൃദ്ധിയുടെയും വിളവെടുപ്പ് ഉത്സവമായിരുന്ന ഓണം ഉപഭോക്തൃ സംസ്കാരം കൊടികുത്തി വാഴുന്ന ഇക്കാലത്തും ഒട്ടും പൊലിമ കുറയാതെ മലയാളി ആഘോഷിക്കുന്നു എന്നുള്ളത് തന്നെ പഴയ തലമുറയിൽനിന്നു പുതിയ തലമുറയിലേക്ക് ഒളിമങ്ങാതെ ഓണം കൈമാറ്റം ചെയ്യപ്പെട്ടു എന്നതിന് തെളിവാണ്.

ഓണത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ട്. വാമനൻ എന്ന വിഷ്ണുവിന്റെ അവതാരം പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയ മഹാബലി ചക്രവർത്തി നാടുകാണാൻ വരുന്ന ദിവസമെന്നും പരശുരാമൻ കേരളം സന്ദർശിക്കുന്ന ദിവസമാണെന്നും കേരള ചക്രവർത്തിയായിരുന്ന മഹാബലിപ്പെരുമാൾ ഏർപ്പെടുത്തിയ തൃക്കാക്കര ക്ഷേത്രോത്സവത്തിന്റെ സമാപനദിവസമാണെന്നും ചേരമാൻ പെരുമാൾ മക്കത്തുപോയ ദിവസമാണെന്നും ഉള്ളവ ഇവയിൽ പ്രമുഖമായവയാണ്.

ഐതിഹ്യം എന്ത് തന്നെയായാലും മഹാബലിയെ വാമനൻ ചവിട്ടിത്താഴ്ത്തിയെന്ന സങ്കൽപ്പം ദ്രാവിഡരുടെ മേൽ ആര്യന്മാർ നേടിയ വിജയത്തിന്റെ പ്രതീകമായി കണക്കാക്കുന്നതിൽ തെറ്റില്ല. ഉത്തരേന്ത്യയിൽ നിന്നും ദക്ഷിണ ഭാരതത്തിലേക്ക് കടന്ന ആര്യന്മാർ മഹാബലിയെ തോൽപ്പിച്ചു പറഞ്ഞയച്ച പാതാളം കേരളമാണെന്നും മറ്റൊരു വ്യാഖ്യാനമുണ്ട്. യുദ്ധത്തിൽ ജയിച്ച ആര്യന്മാർ പ്രജസമ്മതനായി ഭരണം നടത്തിയിരുന്ന മഹാബലിയെ വർഷത്തിലൊരിക്കൽ നാടുകാണാൻ അനുവദിച്ചത് തന്നെ പ്രജകളെ പ്രീണിപ്പിക്കാനുള്ള മറ്റൊരു തന്ത്രമായിരുന്നു. അതിൽ സംതൃപ്തരായ ജനങ്ങൾ മഹാബലിയോടൊപ്പം തന്നെ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻ അനുവദിച്ച വാമനനെയും ഒരേ മട്ടിൽ ആരാധിച്ചു വരുന്നു.

ഓണത്തിന് 10 ദിവസവും പൂക്കളമിടുക എന്നത് കേരളമെമ്പാടും നിലനിൽക്കുന്ന ആചാരമാണ്. ഏറെക്കുറെ എല്ലാ സ്ഥലങ്ങളിലും തൃക്കാക്കരയപ്പനെ പൂക്കളത്തിൽ പ്രതിഷ്ഠിക്കാറുമുണ്ട്.  ഇത് വാമനമൂർത്തിയെ ആരാധിക്കാനാണ് എന്നും വടക്കൻ കേരളത്തിൽ ഓണം കൊള്ളുക എന്ന ചടങ്ങായിത്തന്നെ തൃക്കാക്കരയപ്പനെ കൂടിയിരുത്തുകയും ചെയ്യുന്നുണ്ട്. തൃക്കാക്കര ആസ്ഥാനമാക്കി മഹാബലി ഭരണം നടത്തിയിരുന്നു എന്നും അദ്ദേഹത്തെ വണങ്ങാനും സ്മരണ നിലനിർത്താനും വേണ്ടി കേരളത്തിലെ രാജാക്കന്മാർ  തൃക്കാക്കരയിലെത്തി ഓണം ആഘോഷിച്ചിരുന്നുവെന്നും  ഇതിനോടനുബന്ധിച്ച് കൊച്ചിരാജാവും കോഴിക്കോട് സാമൂതിരിയും ചേർന്ന് അത്തച്ചമയം എന്ന് ആഘോഷം നടത്തിയിരുന്നതായും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. 1961ൽ ഓണം സർക്കാർ തലത്തിൽ ദേശീയ ആഘോഷമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ അത്തച്ചമയത്തിനു പകരം 'അത്താഘോഷ'മായി മാറി.

മലയാളിയുടെ മനസ്സിൽ തികച്ചും സ്വന്തമായൊരു ആഘോഷമാണെങ്കിലും ഓണം  കേരളത്തിന്റെ മാത്രം സ്വന്തമായൊരു ആഘോഷമല്ല എന്നാണ് പ്രമുഖ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. കേരളത്തിനു പുറത്ത് ആഘോഷിച്ചുവന്നിരുന്ന ഓണം 7 മുതൽ 14 വരെയുള്ള നൂറ്റാണ്ടുകളിലാണ് കേരളത്തിൽ പ്രചാരം നേടിയതെന്ന് ഡോ. പി.കെ.ഗോപാലകൃഷ്ണൻ 'കേരളത്തിന്റെ സാംസ്കാരിക ചരിത്രം' എന്ന പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രാചീന അസീറിയയിൽ നിലവിലിരുന്ന ആഘോഷമാണ് ഓണമെന്നും അവിടത്തെ 'സിഗൂറായി' എന്നറിയപ്പെടുന്ന ക്ഷേത്രങ്ങളുടെ ആകൃതിയും നമ്മുടെ നാട്ടിൽ ഓണാഘോഷങ്ങൾക്കായി ഉപയോഗിക്കുന്ന തൃക്കാക്കരയപ്പന്റെ ആകൃതിയും സദൃശങ്ങളാണെന്നും ഭാരതത്തിലെ പൂർവികരായ അസുരന്മാർ അസീറിയക്കാരാണെന്നും (അസീറിയ-അസുരൻ എന്നുള്ള പദസാമ്യം ശ്രദ്ധേയമാണ്) ഇവരുടെ ഇങ്ങോട്ടുള്ള കുടിയേറ്റക്കാലത്ത് ഭാരതത്തിലേക്കു സംക്രമിച്ച ആചാരാനുഷ്ഠാനങ്ങളിൽ ഓണാഘോഷവും ഉൾപ്പെടുമെന്നും എൻ.വി.കൃഷ്ണവാര്യർ അഭിപ്രായപ്പെടുന്നു.

ഇന്ത്യയിൽ ആന്ധ്ര, കർണാടകം എന്നീ സംസ്ഥാനങ്ങളിൽ പൊതുവായും തമിഴ്നാട്ടിൽ പ്രത്യേകമായും ഓണാഘോഷം നിലനിന്നിരുന്നു. ആന്ധ്രയിലെ തിരുപ്പതി ക്ഷേത്രത്തിലെ പ്രതിഷ്ഠ വാമനനാണെന്ന് 'നച്ചിനാർക്കിനിയർ' തൊൽക്കാപ്പിയ വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്. തിരുപ്പതി, തൃക്കാക്കര എന്നീ പദങ്ങളുടെ രൂപ സാദൃശ്യവും അവയ്ക്കു വാമനന്റെ കാൽപ്പാദവുമായുള്ള ബന്ധവും സ്മരണീയമാണ്. ഉഡുപ്പി, മൂകാംബി, ഗോകർണ്ണം തുടങ്ങിയ കർണ്ണാടക പ്രദേശങ്ങളിലും ഓണാഘോഷമുണ്ട്.  സംഘകാലം മുതൽ തന്നെ തമിഴകത്ത് മധുരയിൽ ഓണം മഹോത്സവമായി കൊണ്ടാടിയിരുന്നതായി 'മാങ്കുടി മരുതനാർ' എന്ന കവി ക്രിസ്ത്വബ്ദം രണ്ടാം ശതകത്തിൽ രചിച്ച 'മധുരൈക്കാഞ്ചി'യിൽ പരാമർശിച്ചിട്ടുണ്ട്. മഹാബലിയെ ജയിച്ച വാമനമൂർത്തിയുടെ സ്മരണാർഥം നടത്തിവന്ന ഈ ആഘോഷം ഏഴുദിവസം നീണ്ടുനിന്നിരുന്നു. ശ്രാവണ പൗർണമി ദിവസത്തിലാണ് മഹോത്സവം. ക്ഷേത്രങ്ങളിലും തെരുവുകളിലും ആഹ്ലാദത്തിമിപ്പിലാർന്ന ജനസഞ്ചയവും നാട്ടുകാർക്കെല്ലാം ഓണസദ്യയും നമ്മുടെ ഓണത്തല്ലിനെ അനുസ്മരിപ്പിക്കുന്ന ചേരിപ്പോരും അത്തച്ചമയത്തെയും ഓണക്കോടിയേയും അനുസ്മരിപ്പിക്കുന്ന ചടങ്ങുകളും ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ ഓണാഘോഷം തമിഴ്നാട്ടിൽ നിന്നും സംക്രമിച്ചതാണെന്നാണ് വിദഗ്ധമതം. എല്ലായിടത്തും അത് ക്ഷേത്രോത്സവമായിട്ടാണ് തുടങ്ങിയതെങ്കിലും കേരളത്തിൽ പിന്നീട് വീടിന്റെയും നാടിന്റെയും ദേശത്തിന്റെയും ഉത്സവമായിത്തീർന്നു. കേരളത്തിൽ പുതിയ മാനങ്ങൾ കൈവരിച്ച ഓണം വിളവെടുപ്പ് ഉത്സവമായി മാറി.

ഓണം ഭാരതേതരമോ കേരളേതരമോ ആയി ഉത്ഭവിച്ച ആഘോഷമായിരിക്കാം. മറ്റു സ്ഥലങ്ങളിൽ അതിന്റെ പൊലിമയ്ക്കും ആഘോഷപരതയ്ക്കും മങ്ങലേറ്റപ്പോൾ മലയാളി ഓണത്തെ നെഞ്ചിലേറ്റി. ഇപ്പോൾ തനി കേരളീയം മാത്രമായ ഒരാഘോഷമാണ് ഓണം.

**അവലംബം:** പ്രൊഫ. പി.സി കർത്തായുടെ ആചാരാനുഷ്ഠാനകോശം, ഡോ. പി കെ ഗോപാലകൃഷ്ണന്റെ കേരളത്തിന്റെ സാംസ്കാരിക ചരിത്രം, ഡോ. എൻ വി കൃഷ്ണവാര്യരുടെ ലേഖനങ്ങൾ.



1. R.N. 44588/85 Reg. No. KL/TV (N)/34/2018-20
2. Licence No. for posting without pre payment - KL/TV(N)/WPP/165/2018-20

**PSC BULLETIN**
Fortnightly

Rupees 10
September 1, 2020

# സമകാലികം

**പ്രദീഷ്കുമാർ വി എസ്**



## ക്യാപ്റ്റൻ കൂൾ വിരമിച്ചു


ഒന്നരപതിറ്റാണ്ട് കാലം ഇന്ത്യയുടെ നീല ജഴ്സിയിൽ തിളങ്ങിയ മഹേന്ദ്രസിങ് ധോണി അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ നിന്നും വിരമിച്ചു. 2004 ഡിസംബർ 23 ന് ബംഗ്ലാദേശിനെതിരെയായിരുന്നു ആദ്യ ഏകദിനം. 2019 ലോകകപ്പ് സെമിഫൈനലിൽ ന്യൂസിലന്റിനെതിരെയായിരുന്നു അവസാന മത്സരം. 2014ൽ ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചിരുന്നു. 2007-ലെ ട്വന്റി 20 ലോകകപ്പ്, 2011-ലെ ഏകദിന ലോകകപ്പ് കിരീടങ്ങൾ നേടിയതിന്റെ അമരക്കാരനായിരുന്നു. ഐ.പി.എൽ. മത്സരങ്ങളിൽ തുടരും.

## സുരേഷ് റെയ്ന വിരമിച്ചു

അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും സുരേഷ് റെയ്ന വിരമിച്ചു. 2005ൽ 19-ാം വയസ്സിൽ ശ്രീലങ്കക്കെതിരായ ഏകദിനത്തിലൂടെയാണ് അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ചു. 2018 ജൂലായിൽ ഇംഗ്ലണ്ടനെതിരായ ഏകദിനമാണ് അവസാന മത്സരം.




- സോമ മൊണ്ടൽ, സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ ആദ്യ വനിത ചെയർപേഴ്സൺ ആയി നിയമിതയായി.
- എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കൊല്ലം ജില്ലയിൽ ഡോക്സി വാഗൺ കാമ്പയിൻ ആരംഭിച്ചു.
- ഗൂഗിൾ ഇന്ത്യയിൽ പ്യൂപ്പിൾസ് കാർഡ്സ് എന്ന പേരിൽ പുതിയ വെർച്വൽ വിസിറ്റിംഗ് കാർഡ് മേക്കിംഗ് ആപ്ലിക്കേഷൻ ആരംഭിച്ചു.
- 2020 ആഗസ്ത് മാസത്തിൽ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഉണ്ടായ വിമാനാപകടത്തെപ്പറ്റി അന്വേഷിക്കുന്നതിനായി എയർ ക്രാഫ്റ്റ് ആക്സിഡന്റൽ ഇൻവെസ്റ്റിഗേഷൻ ബ്യൂറോ നിയോഗിച്ച അഞ്ചംഗ സമിതിയുടെ തലവനായി ക്യാപ്റ്റൻ എസ്.എസ്. ചാഹറിനെ തിരഞ്ഞെടുത്തു.
- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേരളത്തിൽ കോവിഡ് ബ്രിഗേഡ് രൂപീകരിക്കുന്നു.
- 74-ാമത് സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് ശാരീരികക്ഷമതയെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര കായിക യുവജന മന്ത്രാലയം 'ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ' എന്ന പേരിൽ മാസ്സ് റൺ പ്രോഗ്രാം ആരംഭിച്ചു.
- രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകതകളെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കുന്നതിന് ആയുഷ് മന്ത്രാലയം ആയുഷ് ഫോർ ഇമ്മ്യൂണിറ്റി എന്ന ക്യാമ്പയിൻ ആരംഭിച്ചു.
- വൈസ് അഡ്മിറൽ ദിനേശ് കെ ത്രിപാഠി ഇന്ത്യൻ നേവിയുടെ ഡയറക്ടർ ജനറൽ ഓഫ് നേവൽ ഓപ്പറേഷൻസ് ആയി നിയമിതനായി.
- നാഷണൽ ഡിജിറ്റൽ ഹെൽത്ത് മിഷൻ (എൻ.ഡി.എച്ച്.എം.) ഇന്ത്യയിൽ എല്ലാവർക്കും ഡിജിറ്റൽ ആരോഗ്യ തിരിച്ചറിയൽ കാർഡുകൾ നൽകുക എന്ന ലക്ഷ്യത്തിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ്.
- ഏഷ്യാറ്റിക് സിംഹങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി പ്രോജക്ട് ലയൺ എന്ന പദ്ധതിയും ഡോൾഫിനുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് പ്രോജക്ട് ഡോൾഫിൻ എന്ന പദ്ധതിയും ആരംഭിക്കുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.
- പ്രശസ്ത മലയാളി ഫോട്ടോഗ്രാഫറായ പുനലൂർ രാജൻ (87) അന്തരിച്ചു. സാഹിത്യ, സാംസ്കാരിക, രകഷ്ട്രീയ മേഖലകളിലെ പ്രതിഭകളുടെ വ്യത്യസ്ഥമായ ചിത്രങ്ങൾ അദ്ദേഹത്തിന്റെ ക്യാമറക്കണ്ണുകളിലൂടെയാണ് മലയാളികൾ കണ്ടത്.
- ന്യൂഡൽഹിയിലെ ജാമിയ മിലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം ആഗസ്തിൽ പുറത്തിറക്കിയ സെൻട്രൽ യൂണിവേഴ്സിറ്റി കാറ്റഗറി ഇൻ ഗവൺമെന്റൽ റാങ്കിങ്ങിൽ ഒന്നാമതെത്തി.
- ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (ബി.എസ്.എഫ്.) ന്റെ പുതിയ ഡയറക്ടർ ജനറലായി രാകേഷ് അസ്താന നിയമിതനായി.
- കവിയും ഗാനരചയിതാവുമായ ചുനക്കര രാമൻകുട്ടി അന്തരിച്ചു.
- ഇന്ത്യൻ വംശജയായ കമലാ ഹാരിസിനെ അമേരിക്കൻ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയായി ഡെമോക്രാറ്റിക് പാർട്ടി പ്രസിഡന്റ് സ്ഥാനാർത്ഥി ജോ ബൈഡൻ പ്രഖ്യാപിച്ചു. അഭിഭാഷകയും കാലിഫോർണിയ സെനറ്റംഗവുമാണ്.
- ചന്ദ്രോപരിതലത്തിൽ ഓർബിറ്റർ പകർത്തിയ ഗർത്തത്തിന് ഐ.എസ്.ആർ.ഒ., വിക്രം സാരാഭായിയുടെ പേര് നൽകി.
- കേരള നിയമസഭയുടെ ടെലിവിഷൻ ചാനലായ സഭ ടി.വി. നിലവിൽ വന്നു. ലോകസഭ സ്പീക്കർ ഓം ബിർല ആണ് ഉദ്ഘാടനം നിർവഹിച്ചത്.
- ഇന്ത്യൻ ക്രിക്കറ്റ് മുൻതാരവും ഉത്തർപ്രദേശ് മന്ത്രിയുമായ ചേതൻ ചൗഹാൻ കോവിഡ് ബാധിച്ച് മരണമടഞ്ഞു. ഇന്ത്യക്കായി 40 ടെസ്റ്റുകൾ കളിച്ചിട്ടുണ്ട്. 1981 ൽ അർജുന അവാർഡിനും അർഹനായി.
- ഗോവയുടെ പുതിയ ഗവർണറായി ഭഗത്സിങ് കൊഷ്യാരി സത്യപ്രതിജ്ഞ ചെയ്തു. നിലവിൽ മഹാരാഷ്ട്ര ഗവർണറാണ്. പുതിയതായി അധിക ചുമതലയാണ് നൽകിയത്.
- ഗോവ ഗവർണറായിരുന്ന സത്യപാൽ മാലികിനെ മേഘാലയ ഗവർണറായി നിയമിച്ചു.
- തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്കരിക്കുന്നതിനുള്ള തീരുമാനത്തിന് കേന്ദ്രസർക്കാർ അംഗീകാരം. അദാനി ഗ്രൂപ്പിനാണ് വിമാനത്താവളം 50 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നത്.
- പോലീസ് ഉദ്യോഗസ്ഥരോടുള്ള ആദരസൂചകമായി എല്ലാ വർഷവും സെപ്തംബർ 1-ാം തീയതി പോലീസ് ദിനം ആയി ആചരിക്കാൻ പശ്ചിമബംഗാൾ സംസ്ഥാനം തീരുമാനിച്ചു.
- തൃശൂർ ജില്ലയിലെ മണ്ണുത്തി പോലീസ് സ്റ്റേഷൻ, പത്തനംതിട്ട പോലീസ് സ്റ്റേഷൻ എന്നിവ 2019 ലെ മികച്ച പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ ട്രോഫി കരസ്ഥമാക്കി.
- ഇന്ത്യൻ റയിൽവേ നിർമ്മിക്കുന്ന ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പിയർ ബ്രിഡ്ജ് മണിപ്പൂരിൽ നിലവിൽ വരും.
- കോവിഡ് 19 പ്രതിരോധത്തിന് ഡി.ആർ.ഡി.ഒ., യു.വി. ബ്ലാസ്റ്റർ എന്ന പേരിൽ അൾട്രാവയലറ്റ് ബെയ്സ്ഡ് ഏരിയ സാനിറ്റൈസർ വികസിപ്പിച്ചു.
- കോവിഡ് 19-മായി ബന്ധപ്പെട്ട് റിവേഴ്സ് ക്വാറന്റൈൻ ശക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ 'കരുതലാണ് കാര്യം' എന്ന പേരിൽ ക്യാമ്പയിൻ ആരംഭിച്ചു. ●



## പണ്ഡിറ്റ് ജസ്‌രാജ് ഇനിയില്ല, ജുഗൽബന്ധികൾ മാത്രം


ജുഗൽബന്ധികളെ ജനകീയമാക്കിയ സംഗീതജ്ഞൻ പണ്ഡിറ്റ് ജസ്‌രാജ് വിടവാങ്ങി. മേവതി ഖരാനയിലെ അറിയപ്പെടുന്ന സംഗീതജ്ഞനായിരുന്ന പിതാവ് മോത്തി റാമിൽ നിന്ന് ആദ്യ സംഗീതപാഠം അഭ്യസിച്ചു. ഹവേലി സംഗീതത്തിൽ ഗവേഷണം നടത്തിയ അദ്ദേഹം ജുഗൽബന്ധി സംഗീതത്തിന് വലിയ സംഭാവനയാണ് നൽകിയത്. പുരുഷവനിതാ ഗായകർ ഒരേ സമയം രണ്ടു ഗാനാലാപനം നടത്തുന്ന ജസ്‌രംഗി ശൈലി അദ്ദേഹത്തിന്റെ സംഭാവനയാണ്. രാജ്യം പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ പുരസ്കാരങ്ങൾ നൽകി ആദരിച്ചിട്ടുണ്ട്.



ഇപ്പോൾ വിപണിയിൽ

**തെരഞ്ഞെടുത്ത മുൻ ചോദ്യപേപ്പറുകൾ**

**വിശേഷാൽ പതിപ്പ്**



**വജ്ര ജൂബിലി വിശേഷാൽ പതിപ്പ്**

**കേരളം**

ആസ്ഥാന ഓഫീസിലെ ബുള്ളറ്റിൻ കൗണ്ടറിലും ലഭ്യമാണ്.

വില: ₹ 100

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram, Kerala, PIN- 695 004. Editor Saju George.